# സെന്റ് ജോസഫ്സ് എച്ച്.എസ്സ്.എസ്സ്.

തിരുവനന്തപുരം – 695 001

2025 – 2026

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# STEPS

## Students' Talent Enrichment Programmes in St. Joseph's

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – '26

# STEPS

| | | |
|---|---|---|
| സ്കൂൾ | : | സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.<br>തിരുവനന്തപുരം – 695 001 |
| സബ് ജില്ല | : | തിരുവനന്തപുരം നോർത്ത് |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |

# ഉള്ളടക്കം


1) സ്കൂൾ ലഘുചരിത്രം

2) അക്കാദമിക പ്രവർത്തനങ്ങൾ (നിലവിൽ)

3) വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം

4) മികവുകൾ - അക്കാദമികം

5) സ്കൂൾ നേരിടുന്ന പരിമിതി / പ്രതിസന്ധി

6) സ്കൂളിന്റെ കാഴ്ചപ്പാടും ലക്ഷ്യങ്ങളും

7) വിവിധ മേഖലകളിലെ പൊതു ലക്ഷ്യങ്ങൾ

8) ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

- മലയാളം, യു.പി., ഹൈസ്കൂൾ
- ഇംഗ്ലീഷ്, യു.പി. വിഭാഗം
- ഇംഗ്ലീഷ്, എച്ച്.എസ്. വിഭാഗം
- ഹിന്ദി, യു.പി., ഹൈസ്കൂൾ വിഭാഗം
- സോഷ്യൽ സയൻസ്, യു.പി. വിഭാഗം
- സോഷ്യൽ സയൻസ് എച്ച്.എസ്. വിഭാഗം
- സയൻസ്, യു.പി. വിഭാഗം
- ബയോളജി, എച്ച്.എസ്. വിഭാഗം
- കെമിസ്ട്രി, എച്ച്.എസ്. വിഭാഗം
- കണക്ക്, യു.പി., എച്ച്.എസ്. വിഭാഗം
- ആരോഗ്യ കായിക വിഭാഗം, യുപി.
- കലാ വിഭാഗം
- റിസോഴ്സ് വിഭാഗം (ഭിന്നശേഷി)

9) ഉടൻ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

10) ഉപസംഹാരം

# സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്.

## ലഘു ചരിത്രം

അനന്തപുരിയ്ക്കു തിലക്കുറിയായി സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. പ്രയാണം ആരംഭിച്ചിട്ട് 160 വർഷം കഴിഞ്ഞിരിക്കുന്നു. 1857-ൽ വിദേശ മിഷനറി മാരായ കർമ്മലീത്താ വൈദികരാണ് കലാലയം സ്ഥാപിച്ചത്. (എജീസ് ആഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം.) വളർച്ചയുടെ ബാലാവസ്ഥ പിന്തള്ളി 1905 ജനുവരി മാസം 18-ാം തീയതി ഇന്നു കാണുന്ന സ്കൂൾ ജനറൽ ആശുപത്രിയ്ക്കു സമീപം സ്ഥാപിതമായി. അന്നത്തെ ദിവാൻ സർ മാധവറാവു തിരുവിതാംകൂറിലെ അംഗീ കൃത ഹൈസ്കൂളായി ഈ കലാലയത്തെ പ്രഖ്യാപിച്ചു. 1912-ൽ Our Little Paper എന്ന സ്കൂൾ മാഗസിൻ പ്രസിദ്ധീകരിച്ചു. 1927-ലാണ് സ്കൂളിൽ സ്കൗട്ടിന്റെ പ്രവർത്തനം ആരംഭിച്ചത്. 1946 വരെ കർമ്മലീത്ത സഭ വൈദികർ സ്കൂളിനെ പരിപാലിക്കുകയുണ്ടായി. തുടർന്ന് 1952 വരെ സലേഷ്യൻ വൈദികർ സ്കൂളിന്റെ സാരഥികളായി മാറി. 1952 മുതൽ തിരുവനന്തപുരം രൂപത സ്കൂൾ ഏറ്റെടുത്തു. എന്നാൽ 1961-ൽ വിദ്യാഭ്യാസ വിചക്ഷണന്മാരായ ജസ്യൂട്ട് വൈദികർ കലാല ത്തിന്റെ ചുമതല ഏറ്റെടുക്കുകയുണ്ടായി. ഈ കാലയളവിന് ശേഷമാണ് സ്കൂളിന്റെ സുവർണ കാലഘട്ടം ആരംഭിച്ചത്.

1971 - 72 കാലഘട്ടത്തിൽ എസ്.എസ്.എൽ.സി.യ്ക്കു ആദ്യത്തെ മൂന്നു റാങ്കും നേടി സ്കൂൾ 'ട്രിപ്പിൾ ക്രൗൺ' എന്ന അപൂർവ ബഹുമതി സ്വന്തമാക്കി. 1985-ൽ ജില്ലയിലെ മികച്ച സ്കൂളിന് ഗവൺമെന്റ് ഏർപ്പെടുത്തിയ സി.എച്ച്. മുഹമ്മദ് കോയയുടെ നാമധേയത്തിലുള്ള ട്രോഫി നമ്മുടെ കലാലയം സ്വന്തമാക്കി. 1998 മാർച്ച് 31-ാം തീയതി കലാലയം വീണ്ടും രൂപത ഏറ്റെടുത്തു. തുടർന്ന് അഭിവന്ദ്യ പിതാവ് സൂസെപാക്യം സ്കൂളിന്റെ സാരഥ്യം ഏറ്റെടുക്കുകയുണ്ടായി. 1998-ൽ ഹയർ സെക്കണ്ടറി നിലവിൽ വന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ അനേകം നേട്ടങ്ങൾ കൈവരിച്ച് ആ യാത്ര അനസ്യൂതം തുടരുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ പരിമിതി നിലനിൽക്കുമ്പോൾ തന്നെ ഓരോ അധ്യയന വർഷവും സ്കൂളിൽ അഡ്മിഷൻ കിട്ടാതെ വരുന്ന കുട്ടികളുടെ നിരാശ ബോധ്യപ്പെട്ടതിനെത്തുടർന്ന് കൂടുതൽ കുട്ടികൾക്ക് പഠന സൗകര്യമൊരുക്കി ഡിവിഷൻ വർദ്ധിപ്പിച്ച് പൊതുവിദ്യാഭ്യാസ രംഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ സെന്റ് ജോസഫ്സ് സ്കൂൾ മുഖ്യമായ പങ്ക് വഹിക്കുന്നുവെന്ന സത്യം അഭിമാനപൂർവ്വം അറിയിക്കട്ടെ.

കൂടുതൽ ക്ലാസ് മുറികൾ പണിതും, ടോയ്ലറ്റ് സൗകര്യം വർദ്ധിപ്പിച്ചും കുട്ടികൾക്ക് ഭൗതിക സാഹചര്യമൊരുക്കുന്നതിൽ അധികൃതർ ശ്രദ്ധാലുക്കളായി. സെന്റ് ജോസഫ്സ് സ്പോർട്ട്സ് അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന പരിശീലനകേന്ദ്രം കൂടാതെ ഈ അധ്യയന വർഷം പുതിയ ഇൻഡോർ സ്റ്റേഡിയവും സ്കൂളിന് ലഭിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായാർത്ഥം ആരംഭിച്ച പുതിയ ഇൻഡോർ സ്റ്റേഡിയം ഈ അധ്യയനവർഷം പ്രവർത്തനസജ്ജമായി. പുതുക്കിയ വിശാലമായ ലൈബ്രറി ഹാളും ലൈബ്രറിയും സ്കൂളിന്റെ പഠന സാഹചര്യങ്ങൾക്ക് ശക്തി പകരുന്നു. ആന്തരിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിനൊപ്പം സ്കൂൾ കെട്ടിടങ്ങൾ ടൈൽസ് പാകിച്ചും അലങ്കാര ചെടികൾ വച്ചുപിടിപ്പിച്ചും സെന്റ് ജോസഫ്സ് സ്കൂൾ ഇന്ന് തലസ്ഥാന നഗരത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്നു.

- വിഷയ അടിസ്ഥാനത്തിൽ ക്ലാസ്സിൽ നടത്തുന്ന മൂല്യനിർണ്ണയത്തിന് പുറമേ പൊതുവായി ജൂലായ്, നവംബർ എന്നീ മാസങ്ങളിൽ മിഡ് ടൈം പരീക്ഷകൾ ഉൾപ്പെടെ ഒരു അക്കാദമിക വർഷത്തിൽ പ്രധാനമായും 4 പരീക്ഷകൾ സംഘടിപ്പിക്കുകയും ക്ലാസ് പി.റ്റി.എ. വിളിച്ച് വിദ്യാർത്ഥികളുടെ പഠന നിലവാരം സമയബന്ധിതമായി രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തുന്നു. തുടർന്നുള്ള വർഷാരംഭത്തിൽ ഭാഷാ വിഷയങ്ങളിലും കണക്കിലും പിന്നോക്കം നിൽക്കുന്ന യു.പി.തല കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകി വരുന്നു.
- 5-ാം തരത്തിലെ കുട്ടികൾക്ക് മാത്രമായി യു.പി.അപ്പ് ഗ്രേഡിങ് എന്ന ലക്ഷ്യത്തോടെ പ്രവേശനോത്സവ ദിനം മുതൽ പരിശീലനം നൽകുന്നു.

- 5-ാം ക്ലാസ്സിൽ പ്രവേശിക്കുന്ന കുട്ടിയുടെ പഠന പുരോഗതി രേഖ തയ്യാറാക്കുകയും ഇതിൽ കുട്ടിയുടെ എല്ലാവിധമായ അക്കാദമിക പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തൽ നടത്തി. തുടർന്ന് 6, 7 ക്ലാസ്സുകളിൽ കുട്ടി കൈവരിച്ച അക്കാദമിക മികവുകൾ രേഖപ്പെടുത്തുകയും 8-ാം ക്ലാസ്സുകളിൽ കുട്ടി ഏതു മേഖലയിലാണ് പിന്നോക്കം നിൽക്കുന്നതെന്ന് തിരിച്ചറിഞ്ഞ് ആ മേഖലയിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. തുടർന്ന് 8-ാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടിയുടെ പഠനപുരോഗതി രേഖ പ്രത്യേകം തയ്യാറാക്കി മേൽ പറഞ്ഞപോലെ 8, 9 ക്ലാസ്സുകളിലും രേഖപ്പെടുത്തി വരുന്നു. 10-ാം ക്ലാസ്സിൽ എത്തുമ്പോൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പ്രത്യേക പരിശീലന പരിപാടികൾ സ്കൂളിൽ നടപ്പാക്കി വരുന്നു.
- പഠന പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് കൈത്താങ്ങായി മാറുന്നതിന് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ കൂടുതൽ പഠനവിഭവങ്ങൾ ഒരുക്കി കുട്ടികൾക്കായി തയ്യാറാക്കി വരുന്നു.

യു.പി.എച്ച്.എസ്. തലത്തിൽ മാത്രം (5-10) വരെ 1800-ൽ പരം കുട്ടികളും എച്ച്.എസ്.എസ്. വിഭാഗം ഉൾപ്പെടെ 3000-ൽ പരം കുട്ടികളുമായി കലാലയം മുന്നോട്ട് പോകുന്നു. നൂറിൽപരം അദ്ധ്യാപക - അനദ്ധ്യാപകരുടെ നിസ്വാർത്ഥമായ സേവനം സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാണ്.

# വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം

## കായിക രംഗം

- സംസ്ഥാനത്തെ ഏറ്റവും മികച്ച കായിക പ്രകടനം നടത്തുന്ന സ്കൂളുക ളിൽ ഒന്ന്.
- അന്തർദേശീയ, ദേശീയ, സംസ്ഥാനതലങ്ങളിൽ വിവിധ ഇനങ്ങളിലായി സ്കൂളിലെ കുട്ടികൾ ടീം അംഗങ്ങളാണ്. അത്‌ലറ്റിക്സ്, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ എന്നീ രംഗങ്ങളിൽ സംസ്ഥാന സ്കൂൾ ടീമിൽ 5 പേരിൽ കുറയാത്ത സാന്നിധ്യം. ടേബിൾ ടെന്നീസ്, ചെസ്സ്, സ്വിമ്മിങ് എന്നീ രംഗങ്ങളിൽ ദേശീയ തലത്തിൽ പ്രതിനിധീകരിക്കുന്നു.
- എഫ്രേം ട്രോഫി ഇരുപതു വർഷക്കാലത്തോളമായി തുടർച്ചയായി സ്കൂൾ ആതിഥേയത്വം വഹിച്ച് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു വരുന്നു. പ്രൈസ് മണി ഉൾപ്പെടെ സമ്മാനമായി നൽകുന്ന ഈ കായിക മാമാങ്കം തലസ്ഥാന നഗരിയുടെ ഉത്സവമായി കായിക കേര ളവും പത്രമാധ്യമങ്ങളും ഏറ്റെടുത്തു കഴിഞ്ഞു.
- സ്ഥല പരിമിതിയും മികച്ച ഗ്രൗണ്ടിന്റെ അഭാവവുമായി സ്കൂൾ നേരി ടുന്ന മുഖ്യപ്രശ്നങ്ങൾക്ക് സമീപത്തുള്ള സെൻട്രൽ സ്റ്റേഡിയത്തിന്റെ സൗകര്യം ഉപയോഗപ്പെടുത്തിയാണ് പരിഹാരം കണ്ടെത്തുന്നത്.

## സയൻസ് ക്ലബ്ബ്

ശാസ്ത്ര കൗതുകം ഉണ്ടാക്കിയെടുക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തി ലാണ് എല്ലാ വർഷവും സയൻസ് എക്സിബിഷൻ ഉൾപ്പെടെയുള്ള പ്രവർത്തന ങ്ങൾ നടത്തി വരുന്നത്. ജില്ലാ, സംസ്ഥാന തലങ്ങളിൽ സ്കൂളിന്റെ സജീവ സ്ഥാനം ശാസ്ത്രമേളയിൽ നിലനിറുത്തുന്നതിന് സയൻസ് ക്ലബ്ബ് മുഖ്യപങ്ക് വഹി ക്കുന്നു. സയൻസ് വിഷയങ്ങൾക്ക് വെവ്വേറെ നിലകൊള്ളുന്ന ലാബുകളുടെ സഹായം ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നു.

## ആർട്ട്സ് ക്ലബ്ബ്

കലാരംഗത്ത് കുട്ടികൾക്ക് കഴിവുകൾ തെളിയിക്കാൻ അവസരം നൽകി ക്കൊണ്ട് ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് ആർട്ട്സ് ക്ലബ്ബ് മുന്നോട്ടു പോകുന്നു. സ്കൂൾ യുവജനോത്സവം സംഘടിപ്പിക്കുക, വിവിധ ഇനങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇക്കൊല്ലത്തെ സംസ്ഥാന കലോത്സവത്തിലും സ്കൂൾ അതിന്റെ സാന്നിധ്യം തിളക്കമുള്ളതാക്കി.

## മലയാള സമാജം

സാഹിത്യപരമായ കഴിവുകൾ പരിപോഷിപ്പിക്കാൻ ലക്ഷ്യം വച്ച് പ്രവർത്തി ക്കുന്ന മലയാള സമാജത്തിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പി ക്കുന്നു. ന്യൂസ് ലെറ്റർ, വാർത്ത പത്രിക തുടങ്ങി വിവിധ പ്രസിദ്ധീകരണങ്ങളും ഒപ്പം 'രചനയുടെ രസതന്ത്രം' തുടങ്ങി വിവിധ സാഹിത്യ സംവാദ ചർച്ചാവേദി കൾക്കും മലയാള സമാജം നേതൃത്വം നൽകുന്നു.

100 വർഷത്തിൽപരം വർഷങ്ങളുടെ പഴക്കമുള്ള പുസ്തകങ്ങളുടെ ശേഖരം ഉൾപ്പെടെയുള്ള ലൈബ്രറിയുടെ സഹായവും പ്രവർത്തനവും സമാജത്തിനു മുതൽക്കൂട്ടാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ലൈബ്രറി സംവിധാനത്തിന്റെ നേതൃത്വത്തിലാണ് വായനാമത്സരം സംഘടിപ്പിക്കുന്നത്.

2023 അധ്യയന വർഷം മുതൽ മലയാള സമാജം സ്വന്തമായി നടത്തിവരുന്ന മത്സര ഇനമാണ് 'ഭാഷാശ്രേഷ്ഠ' പുരസ്കാരം. വ്യത്യസ്തങ്ങളായ 5 ഇനങ്ങൾ ഉൾപ്പെടുത്തിയതിൽ അഞ്ച് ഇനങ്ങളിലും മികച്ച പോയിന്റ് കരസ്ഥമാക്കിയ ടീമിന് വിജയി ആയി പ്രഖ്യാപിക്കുന്നു. 2024 മുതൽ സബ്ജില്ലാതലത്തിലും 2025 മുതൽ ജില്ലാതലത്തിലും ഈ മത്സരഇനങ്ങൾ സംഘടിപ്പിക്കുന്നു.

## നേച്ചർ ക്ലബ്ബ്

ഹരിത ശോഭയുള്ള ഭൗതിക സാഹചര്യം സ്കൂളിൽ നിലനിറുത്തുന്നതിനു മുൻകൈ എടുത്തു പ്രവർത്തിക്കുന്നതിൽ നേച്ചർ ക്ലബ്ബ് സദാ ജാഗ്രത പുലർത്തു ന്നു. ഔഷധ സസ്യങ്ങൾ, പച്ചക്കറിത്തോട്ടം, അലങ്കാരച്ചെടികൾ തുടങ്ങി വിവിധ മേഖലകളിൽ ക്ലബ്ബ് നടത്തുന്ന സ്വന്തം പ്രവർത്തനങ്ങൾ കൂടാതെ വൃക്ഷതൈക ളുടെ വിതരണം. പരിപാലനം എന്നീ രംഗങ്ങളിലും ക്ലബ്ബ് സജീവമായി ഇടപെടു

ന്നു. സ്കൂൾ ടെറസ്സിൽ നടത്തിയ പച്ചക്കറിത്തോട്ടം വാർത്താ മാധ്യമങ്ങളിൽ ഉൾപ്പെടെ ശ്രദ്ധപിടിച്ചുപറ്റിയ മികച്ച ഒരു പ്രവർത്തനമാണ്.

## മാജിക് ക്ലബ്ബ്

സംസ്ഥാനതലത്തിൽ ഒരു പക്ഷേ ആദ്യമായി മാജിക് ക്ലബ്ബ് എന്ന ആശയം യാഥാർത്ഥമാക്കിയ സ്കൂളാണിത്. മജീഷ്യൻ മുതുകാടിന്റെ നേതൃത്വത്തിൽ ഉദ്ഘാടനവും പ്രവർത്തനം ആരംഭിച്ച ക്ലബ്ബ് നിരവധി വ്യത്യസ്ത പ്രവർത്തനങ്ങളായി കുട്ടികൾക്ക് ആവേശം പകർന്ന് തുടർന്ന് പോകുന്നു.

പൊതുജനമദ്ധ്യം വിവിധ സ്റ്റേജ് ഷോകൾ സംഘടിപ്പിക്കാൻ കുട്ടികൾക്ക് ആത്മവിശ്വാസം പകർന്നത് ക്ലബ്ബിന്റെ സജീവമായ ഇടപെടൽ കൊണ്ടു മാത്രമാണ്.

## മാത്തമാറ്റിക്സ് ക്ലബ്ബ്

ഗണിത അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മാത്തമാറ്റിക്സ് ക്ലബ്ബ് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നേറുന്നു. 'Jo Maths' എന്ന പേരിൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആരംഭിച്ച് Mathematical Reality Show ജില്ലാതലത്തിൽ ആരംഭിച്ച് സംസ്ഥാന തലത്തിലേക്കു കടന്നിരിക്കുകയാണ്.

## NCC – AIR, ARMY

ജൂനിയർ സീനിയർ വിഭാഗങ്ങളിലായി 100-ൽ പരം കുട്ടികളുടെ സജീവമായ സാന്നിധ്യത്തിൽ പരിശീലനം നൽകുന്ന എൻ.സി.സി. സ്കൂളിന്റെ മറ്റൊരു അഭിമാനമാണ്. ദേശീയ തലത്തിൽ വിവിധ പരേഡുകളിൽ സജീവ സാന്നിധ്യം നിലനിറുത്തുന്നതിനൊപ്പം വിവിധ ക്യാമ്പുകളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാനും എൻ.സി.സി.യ്ക്കു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഉൾപ്പെടെ മികച്ച ഗ്രൂപ്പിനുള്ള പ്രശംസ അനേകം തവണ ഏറ്റുവാങ്ങിയ എൻ.സി.സി.യുടെ പ്രവർത്തനം അഭിമാനപൂർവ്വം മുന്നോട്ടു പോകുന്നു.

## JRC

സേവന മനോഭാവവും ത്യാഗശീലവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ പ്രവർത്തിക്കുന്ന JRG യൂണിറ്റ് അഭിമാനാർഹമായ പ്രവർത്തനം കാഴ്ചവച്ച് മുന്നോട്ട് പോകുന്നു. സ്കൂളിനെ പ്രതിനിധീകരിച്ച്

വിവിധ രംഗങ്ങളിൽ JRG അംഗങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സമൂഹ മനഃസാക്ഷി അംഗീകാരം നൽകിയിട്ടുള്ളതാണ്.

## സ്കൗട്ട്

സീനിയർ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗൈഡിന്റെ പ്രവർത്തനം. സ്കൂളിന്റെ മൊത്തം പ്രവർത്തനങ്ങൾക്ക് ആക്കം കൂടുന്നു. പ്രവർത്തനത്തിന്റെ വൈവിധ്യം കൊണ്ട് അവർ എണ്ണത്തിലെ കുറവ് അതിജീവിച്ച് വരുന്നു.

## എസ്.പി.സി.

മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ശക്തമായ ഒരു എസ്.പി.സി. യൂണിറ്റാണ് ഇവിടെ പ്രവർത്തിക്കുന്നത്. ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യത്തിലും കൃത്യമായ പരിശീലനത്തിലും നേതൃത്വം നൽകുന്നതു വഴി സംസ്ഥാനത്തിലെ മികച്ച യൂണിറ്റുകളിൽ ഒന്നായി പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം റവന്യൂ ജില്ലയിൽ കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു മുഴുവൻ A+ കരസ്ഥമാക്കിയ കൂടുതൽ എസ്.പി.സി. കുട്ടികൾ ഈ യൂണിറ്റിൽ പ്രവർത്തിച്ചവരാണ്. ഇതിനുള്ള പുരസ്കാരം സ്കൂൾ മാനേജരും, ഹെഡ്മാസ്റ്ററും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും സ്വീകരിച്ചിരുന്നു.

## Painting / Photography Club

സ്വന്തമായി ഗ്യാലറി അവകാശപ്പെടാവുന്ന കേരളത്തിലെ ഏക ഫോട്ടോഗ്രാഫിക് ക്ലബ്ബാണ് സ്കൂളിൽ നിലനിൽക്കുന്നത്. വരകളുടെയും വർണങ്ങളുടെയും മായാ ലോകത്ത് വിസ്മയം തീർത്ത് ക്ലബ്ബിന്റെ പ്രവർത്തനം തുടർന്നു വരുന്നു. ലോകോത്തര, ചിത്രങ്ങളും ചിത്രകാരന്മാരെയും പരിചയപ്പെടുക, പരിശീലിക്കുക എന്നിങ്ങനെ വിവിധ ലക്ഷ്യങ്ങൾ വച്ചു പ്രവർത്തിക്കുന്ന ക്ലബ്ബിന്റെ പ്രവർത്തനം തികച്ചും അഭിനന്ദനീയമാണ്.

## Quiz Club

പൊതുവിജ്ഞാനത്തിനും, പൊതു പരീക്ഷകളിലും താല്പര്യമുള്ള കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകി പ്രവർത്തിക്കുന്ന ക്വിസ് ക്ലബ്ബ് മികച്ച നിലവാരം പുലർത്തുന്നു. സംസ്ഥാനതലത്തിൽ മികച്ച വിജയങ്ങൾ കൈവരിച്ച് നിരവധി വിദ്യാർത്ഥികൾ പുരസ്കാരത്തിന് അർഹരായിട്ടുണ്ട്.

## ഫിലാറ്റിലി ക്ലബ്ബ്

അന്യം നിന്നുകൊണ്ടിരിക്കുന്ന സ്റ്റാമ്പ് എന്ന പൊതു തപാൽ സംവിധാനത്തിന്റെ രംഗവുമായി കുട്ടികളെ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുന്ന ക്ലബ്ബാണ് ഫിലാറ്റിലി ക്ലബ്ബ്. സ്കൂൾ ശാസ്ത്രോത്സവത്തിൽ ഉൾപ്പെടെ ക്ലബ്ബ് നിറഞ്ഞ സാന്നിധ്യമായി പ്രവർത്തിക്കുന്നു. സ്കൂളിന് സ്വന്തമായി ഒരു സ്റ്റാമ്പ് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനവുമായി ക്ലബ്ബ് മുന്നോട്ട് പോകുന്നു.

ശ്രദ്ധ, നവപ്രഭ, എന്റെ കേരളം

പൊതു വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടു വയ്ക്കുന്ന ശ്രദ്ധ, നവപ്രഭ, എന്റെ കേരളം തുടങ്ങിയ സംരംഭങ്ങൾ സ്കൂൾ പൂർണ അർത്ഥത്തിൽ സ്വീകരിക്കുകയും ഏറ്റെടുത്ത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളപ്പെടുന്ന 5% കുട്ടികൾക്ക് ഇത്തരം കൈതാങ്ങുകൾ ജീവൻ പകരും എന്ന കാര്യത്തിൽ തർക്കമില്ല.

മികവുകൾ - അക്കാദമികം

അക്കാദമിക് തലത്തിൽ സ്കൂൾ സംസ്ഥാനത്തിനു മാതൃകയായി മികച്ച വിജയം കരസ്ഥമാക്കി പ്രയാണം തുടരുന്നതിന്റെ ഭാഗമായി.

- തുടർച്ചയായി 14 വർഷം എസ്.എസ്.എൽ.സി.യ്ക്കു 100% വിജയം നേടുകയും ഫുൾ A+ കരസ്ഥമാക്കുന്ന കുട്ടികളുടെ എണ്ണം 57 ആയി ഉയർത്താൻ 2025 അധ്യയന വർഷത്തിൽ സാധിച്ചില്ല.
- ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നടത്തിയ അഖിലേന്ത്യാ തലത്തിലുള്ള വിലയിരുത്തലിൽ തുടർച്ചയായി രണ്ടു തവണയാണ് നോൺ റെസിഡൻഷ്യൽ എയ്ഡഡ് അൺ എയ്ഡഡ് സ്കൂൾ വിഭാഗത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച ബോയ്സ് സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടത്.

## സ്കൂൾ നേരിടുന്ന പരിമിതി / പ്രതിസന്ധി

- സ്ഥല പരിമിതി സ്കൂളിന്റെ ഏറ്റവും വലിയ പ്രശ്നമായി ഇന്നും നിലനിൽക്കുന്നു.

- അഡ്മിഷൻ ലഭിക്കാനായി വരുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കാനുള്ള ക്ലാസ്സ് മുറികളുടെ അഭാവം പരിമിതിയും പ്രതിസന്ധിയായി നില നിൽക്കുന്നു.
- മികച്ച കായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെങ്കിലും ഗ്രൗണ്ടിന്റെ അഭാവം ഒഴിവാക്കാനാവാത്ത പ്രതിസന്ധിയാണ്.
- സ്കൂളിന് ചുറ്റുമായി നിലകൊള്ളുന്ന റോഡുകൾ ശബ്ദമലിനീകരണത്തിന് കാരണമാകുന്നു.
- വിവിധ മേഖലകളിൽ ധാരാളം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്നുണ്ടെങ്കിലും സ്കൂളിലെ 5% കുട്ടികൾ ഇപ്പോഴും മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെടുന്നു എന്ന വസ്തുത തള്ളിക്കളയുന്നില്ല.
- ഓരോ ക്ലാസ്സിലും 55-ൽ പരം എണ്ണം വരുന്ന കുട്ടികളുടെ സാന്നിധ്യം ഓരോ അധ്യാപകനും ഇത്തരം മികച്ച അക്കാദമിക പ്രവർത്തനം കാഴ്ച വയ്ക്കുന്നതിന് വെല്ലുവിളിയാണ്.

## <u>കലാലയത്തിന്റെ കാഴ്ചപ്പാടും ലക്ഷ്യങ്ങളും</u>

- മത, വർഗ, ജാതി, വർണ, കക്ഷി-രാഷ്ട്രീയ ചിന്തകൾക്ക് അതീതമായ സാമൂഹിക പ്രതിബന്ധത വളർത്തിയെടുക്കുക.
- ലോകമേ തറവാട് എന്ന കാഴ്ചപ്പാടിലൂടെ സാമൂഹിക സമത്വം സാധ്യമാക്കുക.
- സാംസ്കാരിക ഐക്യം ആഗോളതലത്തിൽ കൈവരിക്കുക.
- ആത്മ നിയന്ത്രണമെന്ന അച്ചടക്കത്തിന്റെ ഉയർന്ന തലം കണ്ടെത്തി സ്വായത്തമാക്കുക.
- മനസ്സിനും ശരീരത്തിനും ഒരുപോലെ ആരോഗ്യം പ്രദാനം ചെയ്യുന്ന ജീവിതശൈലി പരിശീലിപ്പിക്കുന്നതോടൊപ്പം കാർഷിക സംസ്കാരം അവബോധം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുക.
- അന്വേഷണത്വരയുള്ളതും മൂല്യാധിഷ്ഠിതവുമായ ശാസ്ത്രബോധം ജീവിതത്തിന്റെ ഭാഗമാക്കുക.

- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും കരുതലും മുതൽക്കൂട്ടാക്കിയ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുത്ത് വിശ്വപൗര ദാർശനികതയോടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉന്നമനത്തിനായി പ്രവർത്തിക്കാൻ സജ്ജരാക്കുക.
- ആത്മാഭിമാനവും ആത്മവിശ്വാസവും കൈമുതലാക്കിയ വ്യക്തിത്വങ്ങൾക്ക് രൂപം നൽകുന്നതോടൊപ്പം സാമൂഹ്യ പ്രശ്നങ്ങളെ വിമർശനാത്മകമായി സമീപിച്ച് ക്രിയാത്മകമായി പരിഹരിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
- മുൻ–പിൻ തലമുറകളെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയാക്കുക.
- ദേശീയതയിലേക്ക് നയിക്കുന്ന പ്രാദേശിക വാദഗതി ഉണ്ടാക്കിയെടുക്കാൻ സഹായിക്കുക.
- കല, സാഹിത്യം, സംഗീതം, ചിത്രം, കായികം എന്നിവ പരിപോഷിപ്പിക്കുകയും മാതൃഭാഷയുടെ പ്രയോഗത്തിനും വികാസത്തിനും അവസരമൊരുക്കുകയും ചെയ്യുക.
- ലിംഗസമത്വവും ഭിന്നശേഷിക്കാരോടു ആദരവും വച്ചു പുലർത്തി ലോകത്തിനു പുത്തൻ മാതൃക പകരുക.
- ത്രിഭാഷകൾ ഭാഷാ ശുദ്ധിയോടെ ആശയവിനിമയം (സംഭാഷണം, വായന, എഴുത്ത്) നടത്താൻ പ്രാപ്തനാക്കുക.
- ഭാവിയിലെ വിവിധ മത്സര പരീക്ഷകൾക്കും പ്രവേശന പരീക്ഷകൾക്കും കുട്ടികളെ തയ്യാറാക്കുക.
- എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുഴുവൻ A+ കിട്ടുന്ന കുട്ടികളുടെ എണ്ണം 20 ശതമാനമാക്കുക.

## വിവിധ മേഖലകളിലെ പൊതു ലക്ഷ്യങ്ങൾ

**ഭാഷ**

- ദൈനംദിന ജീവിത വ്യവഹാര മേഖലകളിൽ ഭാഷ (മലയാളം) ശക്തിയുക്തമായ സംവേദന വിമർശന ഉപാധിയായി പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- സർഗാത്മകതയുടെ സ്വാഭാവിക പ്രകടനത്തിനു അവസരം നൽകുക.
- സാമൂഹിക പ്രതിബദ്ധതയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും ഏകലോക ഭാവനയും വളർത്തുക.
- പരിസ്ഥിതി സൗഹൃദ ജീവിത ശൈലി വാർത്തെടുക്കുക. (കേൾവി, ഭാഷണം, എഴുത്ത്, വായന) എന്നിവയ്ക്കു ഊന്നൽ നൽകിയുള്ള ആസൂത്രണം.
- കുട്ടിയുടെ ദൈനംദിന ജീവിത വ്യവഹാരങ്ങളിൽ ഇംഗ്ലീഷ് ഭാഷ ശക്തിയുക്തമായ സംവേദന, വിമർശന ഉപാധിയായി പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- സാഹിത്യ ആസ്വാദനത്തിലൂടെ സർഗ്ഗ സൃഷ്ടിക്കുതകുന്ന നൈപുണികൾ സൃഷ്ടിക്കുക.
- അരിക് വല്ക്കരിക്കപ്പെട്ടവന്റെ അതിജീവന പോരാട്ടങ്ങളോട് ഐക്യപ്പെടുന്ന ജീവിത വീക്ഷണം സാദ്ധ്യമാക്കുക.
- സ്വതന്ത്ര ചിന്തങ്ങൾ പങ്കുവയ്ക്കാനും പ്രചരിപ്പിക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- അതിജീവനത്തിനുതകുന്ന ഭാഷ സ്വന്തമാക്കാൻ പ്രാപ്തനാക്കുക.
- ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ ഉപയോഗിക്കാൻ പ്രാപ്തനാക്കുക.
- വിവിധ കലാരൂപങ്ങൾ ആസ്വദിക്കാനും അവതരിപ്പിക്കാനുമുള്ള അഭിരുചിയും പ്രാവീണ്യവും നേടാൻ സഹായിക്കുക.
- ഭാഷാശുദ്ധിയോടെ ആശയവിനിമയം (എഴുതുക, വായിക്കുക) നടത്താൻ പ്രാപ്തനാക്കുക.

- ആശയങ്ങൾ വിവിധ വിഭാഗങ്ങളിലൂടെ (സംവാദം, ഡയറി, കത്ത്, പത്ര വാർത്ത, പ്രസംഗം, പോസ്റ്റർ) അവതരിപ്പിയ്ക്കുവാൻ പ്രാപ്തനാക്കുക.
- മൂല്യബോധവും, സാമൂഹിക പ്രതിബദ്ധതയും വളർത്തിയെടുക്കുക.
- പരിസ്ഥിതി സൗഹൃദ പഠനം മുഖ്യധാരയിൽ വളർത്തിയെടുക്കുക.
- ഹിന്ദി മേഖലയിലുള്ളതുപോലെ ഹിന്ദി ഉച്ചരിയ്ക്കുന്ന രീതി സ്വായത്തമാക്കുക.

<u>ശാസ്ത്രം</u>

- കുട്ടികളിൽ പരമാവധി ശാസ്ത്രീയ ചിന്തകൾ വളർത്തുക.
- കാർഷിക സംസ്കാരത്തിന് ഊന്നൽ നൽകുവാനുള്ള പഠനബോധന തന്ത്രങ്ങൾ ആവിഷ്കരിക്കണം.
- പഠനത്തിന് സഹായകമായ വിത്തിനങ്ങൾ സമാഹരിച്ച് ക്ലാസിൽ പ്രദർശിപ്പിക്കാം.
- മണ്ണിന്റെ സ്വഭാവം, രീതി എന്നിവ തിരിച്ചറിയാനുള്ള മണ്ണ് ശേഖരണം പ്രദർശനമാക്കാം.
- പഠനം എക്കോ ഫ്രണ്ട്ലി ആയിരിക്കണം. പ്രകൃതിയുമായി പൊരുത്തപ്പെട്ട പഠനം സാധ്യമാക്കുന്നതിന് വിവിധ ആവാസ വ്യവസ്ഥകൾ നേരിട്ടോ - മോണിറ്ററിന്റെ സഹായത്താലോ പഠനവിധേയമാക്കണം.
- ആന്തരിക അവയവങ്ങളുടെ പഠനം സുഗമമാക്കാൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് അനാട്ടമി ഡിപ്പാർട്ട്മെന്റിൽ സന്ദർശനം സാധ്യമാക്കുകയും അവയവങ്ങളുടെ സ്ഥാനം, ധർമം എന്നിവ നേരിട്ടനുഭവോദ്യമാക്കുവാൻ അവസരമൊരുക്കുകയും വേണം.
- പഠനയാത്രകൾ തികച്ചും വിനോദമാകാതെ ശാസ്ത്ര-പാരിസ്ഥിതിക പഠനം നേരിട്ട് ലഭ്യമാകുന്നതരത്തിലായിരിക്കണം.
- ഏറ്റവും കൂടുതൽ കുട്ടികൾക്ക് ആശയധാരണത്തിനുള്ള കഴിവുണ്ടെങ്കിലും പേപ്പറിൽ ഇവ വേണ്ടത്ര ലിഖിതരൂപ സാധ്യതയിലെത്തുന്നില്ല. അതിനായി

ഇംഗ്ലീഷ് ഭാഷ വേണ്ടത്ര ഉപയുക്തമാക്കാൻ ഇംഗ്ലീഷ് അധ്യാപകരുടെ അധിക സേവനം കൂടി പ്രയോജനപ്പെടുത്തണം.

- പരീക്ഷണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ലബോറട്ടറി സൗകര്യം വിപുലപ്പെടുത്തണം.
- ക്ലാസ് സൗഹാർദപരമാക്കാൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും അവബോധനതന്ത്രം ആവിഷ്കരിക്കണം.
- ഓരോ പാഠഭാഗത്തിനും ഇൻഫർമേഷൻ ടെക്നോളജിയുടെ സേവനം ലഭ്യമാക്കുന്നതിന് ഒ.പി.എച്ച്. ഉപയോഗിക്കണം.
- ദൃശ്യ-ശ്രവ്യ സുഖാനുഭൂതിയിലേക്ക് പഠനം മെച്ചപ്പെടുത്താൻ മോണിറ്റർ സംവിധാനത്തിന് അവസരമൊരുക്കണം.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- അദ്ധ്യാപനവും, അദ്ധ്യായനവും, സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- വിദ്യാലയത്തെ സമൂഹവുമായ് ബന്ധിപ്പിക്കുന്നതിനുള്ള ആസൂത്രണം നടത്തുക.
- പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

## സാമൂഹ്യശാസ്ത്രം

- ചരിത്രവും സംസ്കാരവും മനസ്സിലാക്കി ഉത്തരവാദിത്വത്തോടെ പ്രകൃതിയെ സംരക്ഷിച്ച് വിശ്വപൗരദാർശനികതയോടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരുകൂട്ടം വിദ്യാർത്ഥികളെ വാർത്തെടുക്കുക.

- വിവിധ പഠനപ്രക്രിയകൾ വഴിയും പ്രായോഗിക പ്രവർത്തനങ്ങൾ വഴിയും വിവര-സാങ്കേതിക-വിനോദ ഉപാധികൾ വഴിയും സാമൂഹ്യ ശാസ്ത്രപഠനം വിദ്യാർത്ഥികൾക്ക് ലളിതവും രസകരവുമാക്കി താൽപര്യം ജനിപ്പിക്കുക.
- സാമൂഹ്യ നീതിബോധവും, മൂല്യ സംരക്ഷണവും, ജനാധിപത്യ ഉത്തരവാദിത്വവും നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കി അനീതിയും, ചൂഷണവും സമൂഹത്തിൽ ഇല്ലാതാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- സാമൂഹ്യ പ്രശ്നങ്ങളെ വിമർശനാത്മകമായി സമീപിച്ച് അവയിൽ ക്രിയാത്മകമായി ഇടപെട്ടും പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും പ്രവർത്തിക്കുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകി സാമൂഹ്യ പ്രതിബദ്ധതയുള്ളവരാക്കി വളർത്തുക / വാർത്തെടുക്കുക.

**ഗണിതശാസ്ത്രം**

- ഗണിത ശാസ്ത്രത്തിലുള്ള വിദ്യാർത്ഥികളുടെ അഭിരുചി വർദ്ധിപ്പിക്കുക.
- ഗണിത പ്രശ്നങ്ങളെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്താൻ വിദ്യാർത്ഥിയെ പ്രാപ്തനാക്കുക.
- അടിസ്ഥാന ഗണിത ആശയങ്ങൾ വിദ്യാർത്ഥികളിൽ ഉറപ്പിക്കുക.
- മറ്റു വിഷയങ്ങളുടെ പഠനത്തിന് ഗണിത ശാസ്ത്രം ഉപയോഗിക്കുക.
- ഭാവിയിലെ വിവിധ മത്സര പരീക്ഷകൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുക.
- കുട്ടികളിൽ ചിന്താശേഷി വർദ്ധിപ്പിക്കുക.
- ഊഹിച്ച് പറയാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ഗണിതശാസ്ത്ര പഠനത്തിലൂടെ താരതമ്യപഠനം വികസിപ്പിക്കുക.
- ഉപരിപഠനത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുക.
- വിദ്യാർത്ഥികളുടെ ഗവേഷണ അഭിരുചി വളർത്തുവാൻ വേണ്ടി ഗണിത ശാസ്ത്രം ഉപയോഗിക്കുക.

## ആരോഗ്യ - കായിക, കലാ വിദ്യാഭ്യാസം

- 'എല്ലാവർക്കും ആരോഗ്യം' ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യുക.
- എല്ലാ കുട്ടികൾക്കും ശാരീരികക്ഷമത കൈവരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- വിവിധ ഗെയിമുകളിൽ ധാരാളം കുട്ടികളെ സംസ്ഥാന ദേശീയ നിലവാരത്തിലെത്തിക്കുക.
- വിവിധ കളികളെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുക.
- ഓരോ കുട്ടിയുടേയും താത്പര്യം കണ്ടെത്തി ആ കുട്ടിക്ക് താത്പര്യമുള്ള കളികളിൽ പ്രത്യേക പരിശീലനം നൽകുക.
- എയറോബിക്സ്, യോഗ എന്നിവ എല്ലാ കുട്ടികളേയും പരിശീലിപ്പിക്കുകയും അതിലൂടെ അവരുടെ ശാരീരിക ക്ഷമത ഉറപ്പാക്കുകയും ചെയ്യുക.
- സ്കൂളിലെ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക.
- 5 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും പ്രാക്ടീസ് നൽകുക.
- അങ്ങനെ കൂടുതൽ കുട്ടികളെ കായികമേഖലയിലേക്ക് കൊണ്ടുവരികയും എല്ലാ കുട്ടികൾക്കും ആരോഗ്യമുള്ള ഒരു മനസ്സും ശരീരവും പ്രദാനം ചെയ്യുകയും ചെയ്യുക.
- നിലവിലുള്ള പാഠ്യ വിഷയങ്ങളിൽ വിജയം നേടാനാകാത്തതിന്റെ പേരിൽ പിൻതള്ളപ്പെട്ട് ഉപരിപഠനത്തിന് അർഹത നേടാത്തവരിൽ പലരും സാഹചര്യത്തിനിണങ്ങി പ്രവർത്തിക്കാൻ കെല്പുള്ള സർഗ്ഗശേഷിയുള്ളവരും കലാപരമായ കഴിവുകൾ ഏറെയുള്ളവരുമായിരിക്കും. അവരുടെ സ്വർഗ്ഗവാസനകളെ കണ്ടെത്തുവാനും അവരുടെ സിദ്ധിയും ശക്തിയും മനസ്സിലാക്കിക്കൊടുക്കുവാനും കലാവിദ്യാഭ്യാസം സഹായിക്കുന്നു.

- സുകുമാരകലകളായ സംഗീതം, ചിത്രരചന, നൃത്തം, അഭിനയം എന്നിവയിൽ ശാസ്ത്രീയമായ അടിസ്ഥാനം പ്രൈമറി വിദ്യാഭ്യാസ കാലത്തു തന്നെ ഒരു കുട്ടി സ്വായത്തമാക്കേണ്ടതുണ്ട്. ഇതുവഴി ഈ മേഖലയിൽ പ്രാവീണ്യമുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സാധിക്കും.

# ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം യു.പി വിഭാഗം - 2025

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | ദൈനംദിന ജീവിത വ്യവഹാര മേഖലകളിൽ ഭാഷ ശക്തിയുക്തമായ സംവേദന വിമർശന ഉപാധിയായി പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക. | • ഡയറി, ക്ഷണക്കത്ത് എന്നിവ തയ്യാറാക്കൽ.<br>• സിനിമ, നാടകം - ഭാഷാനുഭവമാക്കൽ (ചലച്ചിത്രങ്ങൾ, നാടകം എന്നിവ ദൃശ്യപാഠങ്ങളാക്കി മാറ്റി, കഥാപാത്രങ്ങളുടെ ജീവിത വീക്ഷണം, സ്വഭാവം, പെരുമാറ്റം എന്നിവ വിശകലനം ചെയ്യാനും വിമർശനാത്മകമായി പരിശോധിക്കാനും ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു)<br>• രചനാ കാർഡുകളുടെ നിർമ്മാണം.<br>• (പത്ര മാസികകളിൽ നിന്ന് വെട്ടി ഒട്ടിച്ച ആകർഷകമായ ചിത്രങ്ങളെ ആസ്പദമാക്കി കുറിപ്പുകൾ തയ്യാറാക്കൽ)<br>• ഐ.ടി സാങ്കേതിക വിദ്യ പ്രശ്ന പരിഹാരത്തിന് ഉപയോഗിക്കുന്നു. | 6 മാസം | 5,6,7 | SSA, PTA | യു.പി മലയാളം അധ്യാപകർ | മലയാളം വകുപ്പ് മേധാവി |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | സർഗാത്മകതയുടെ സ്വാഭാവിക പ്രകാശം പരത്താൻ അവസരം നൽകുക (വിവിധ വ്യവഹാര രൂപങ്ങളിലൂടെ) | • കഥാപൂരണം, കവിതാപൂരണം, സംഭാഷണമെഴുത്ത്, ആസ്വാദന ക്കുറിപ്പ് (കഥ, കവിത)<br>• സൂചകങ്ങൾ വികസിപ്പിക്കൽ, പതിപ്പുകളുടെ നിർമ്മാണം, പുസ്തക ചർച്ച<br>• നാടൻ പാട്ടരങ്ങ്, നാടൻ കലാരൂപ ങ്ങളുടെ അവതരണം (ഉദാ : ചാക്യാർ കൂത്ത്) (അസംബ്ലികളി ലും, ക്ലാസ്സുകളിലും ആവി ഷ്കാരങ്ങൾ നടത്താൻ അവസരം ഉണ്ടാക്കുന്നു)<br>• വർക്ക് ഷീറ്റുകൾ നൽകി കടങ്കഥ യുടെ ഉത്തരം, ചിത്രകഥയിലെ വാക്കുകൾ, അടിക്കുറിപ്പുകൾ തയ്യാറാക്കൽ | $2^{nd}$ term | 5,6,7 | SSA, PTA | യു.പി മലയാളം അധ്യാപകർ | മലയാളം വകുപ്പ് മേധാവി |
| 3 | സാമൂഹിക പ്രതിബദ്ധതയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും ഏക ലോകഭാവനയും വളർത്തി യെടുക്കുക. | • ശ്രീ നാരായണ ഗുരുവിനെപ്പോലെ കേരള സമൂഹത്തിൽ പരി വർത്തനങ്ങളുണ്ടാക്കിയ നിരവധി മഹദ് വ്യക്തികളുടെ അനുഭവ പാഠങ്ങൾ നൽകുക.<br>• പ്രസംഗം തയ്യാറാക്കി അവതരിപ്പി ക്കുന്നു.<br>• സമത്വവും ഏകഭാവനയും പ്രകട മാക്കുന്ന സാഹിത്യ സൃഷ്ടികളെ | 6 മാസം | 5,6,7 | SSA, PTA | യു.പി മലയാളം അധ്യാപകർ | മലയാളം വകുപ്പ് മേധാവി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പരിചയപ്പെടുത്തി അവ വായിക്കാൻ പ്രേരണ നൽകുന്നു. (ഉദാ : ഭൂമിയുടെ അവകാശികൾ - ബഷീർ) | | | | | |
| 4 | പരിസ്ഥിതി, സൗഹൃദ പഠനം മുഖ്യധാരയിൽ വളർത്തിയെടുക്കുക | • പ്രകൃതിയെ പാഠമാക്കൽ പ്രകൃതി പഠനത്തെ ശക്തമായ ഭാഷാനുഭവം ആക്കി മാറ്റുന്നു.<br>• പരിസ്ഥിതി സംരക്ഷണം, കൃഷി എന്നിവയുടെ പ്രാധാന്യം field trip സംഘടിപ്പിക്കുന്നു.<br>• സ്കൂളിലും, വീടുകളിലും, പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവയുടെ നിർമ്മാണം.<br>• പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെടുത്തി പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | 1st term | 5,6,7 | SSA, PTA | യു.പി മലയാളം അധ്യാപകർ | മലയാളം വകുപ്പ് മേധാവി |
| | | **പുതിയ പ്രവർത്തനങ്ങൾ**<br>• വിവിധ നാടൻ കലാരൂപങ്ങളുടെ അവതരണം നടത്തി കുട്ടികൾക്ക് കലാരൂപങ്ങൾ പരിചയപ്പെടുന്നതിന് അവസരം ഉണ്ടാക്കുന്നു. | 1st term | 5,6,7 | SSA, PTA | യു.പി മലയാളം അധ്യാപകർ | |
| | | • സാൻജോ റേഡിയോയുടെ (സ്കൂൾ റേഡിയോ) ഉപയോഗത്തിലൂടെ കവിത, നാടകം എന്നിവ അവതരിപ്പിക്കൽ | 1st term | 5,6,7 | SSA, PTA | യു.പി മലയാളം അധ്യാപകർ | |

## മലയാളം എച്ച്.എസ് വിഭാഗം —2025

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | **വായിച്ചു വളരാം** | • ക്ലാസ്സ് ലൈബ്രറിയുടെയും, വായനാമൂലയുടെ സാധ്യത ഉൾപ്പെടുത്തി സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങളോടു ചേർന്ന് പ്രവർത്തിക്കുക.<br>• പുസ്തക പരിചയക്കളരി, വില യിരുത്തൽ, ലേഖനങ്ങൾ (ഒരു പുസ്തകത്തെക്കുറിച്ച് ഒരു കൂട്ടം കുട്ടികൾ പ്രതികരിക്കുക)<br>• ,പാഠഭാഗങ്ങളിലെ മൂലകൃതികൾ കണ്ടെത്തി വായിക്കാൻ അവസരം, മത്സരം<br>• കഥാപാത്ര ഇന്റർവ്യൂ - പാഠപുസ്തകത്തിലെ കഥാപാത്രങ്ങളുമായി തത്സമയ സംഭാഷണം<br>• ഗ്രന്ഥകർത്താക്കളുമായി ഓൺലൈൻ ചർച്ച.<br>• സമകാലിക പ്രസിദ്ധീകരണം വായിക്കുക ചർച്ചയിൽ ഉൾപ്പെ | ജൂൺ മുതൽ ജനുവരി വരെ | 8,9,10 | സ്കൂൾ ലൈബ്രറി, CI/ലൈബ്രറി സംഭാവന, വിവധ ഫണ്ട് | ശ്രീ. ഗിൽബർട്ട് | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ടുത്തുക. | | | | | |
| 2 | എഴുത്തുപെട്ടി | • സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുക.<br>• പത്ര മാധ്യമത്തിലേയ്ക്കു, ആഴ്ച പതിപ്പുകളിലേയ്ക്കു പ്രതികരണങ്ങൾ നൽകുക.<br>• സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും കത്തു എഴുതുക.<br>• സാമൂഹിക പ്രശ്നങ്ങളിൽ കഥ, കവിത, ലേഖനം തുടങ്ങിയവയിലൂടെ പ്രതികരിക്കാൻ അവസരം നൽകുക.<br>• വിദ്യാർത്ഥിയുടെ പ്രശ്നങ്ങൾ ക്രിയാത്മക നിർദ്ദേശങ്ങൾ, പരാതികൾ ഇവ സ്കൂളിനും പുറത്തും ഉചിതമായ രീതിയിൽ നൽകാൻ അവസരം ഒരുക്കുക.<br>• മറുനാടൻ സുഹൃത്ത് - മറുനാടൻ മലയാളി സുഹൃത്തിനെ കണ്ടെത്തി അദ്ദേഹത്തെ സംസ്കാരം, ജീവിത ശൈലി | ജൂലായ് - ഡിസംബർ | 8,9,10 | പത്രങ്ങൾ, മാഗസിനുകൾ, ആനുകാലികങ്ങൾ | ശ്രീ. ആന്റണി ബായി & ശ്രീ. സതീഷ് ബാബു | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തുടങ്ങിയ പങ്ക് വയ്ക്കുക. | | | | | |
| 3 | **പൈതൃകം, സംസ്കാരം** | • പാഠപുസ്തകാനുബന്ധമായ കഥകൾ, ആസ്വദിക്കാൻ അവസരം നൽകുക (ICT സാധ്യത ഉൾപ്പെടുത്തി)<br>• ഭക്ഷണ സംസ്കാരം ഉയർത്തുക<br>• വിത്തും കൈക്കോട്ടും കുട്ടികളിൽ അറിവും ആവേശവും ഉണർത്തുക.<br>• ഭക്ഷണം, ഉറവിടം, വിതരണം, ഉപയോഗം ഇവ ബോധവത്കരിക്കുക.<br>• പ്രയിതാക്കളുമായി ഒരു ദിനം - കുട്ടികൾ മുത്തശ്ശനും മുത്തശ്ശിയും ഒരു ദിവസം കലാലയത്തിലേയ്ക്കു. | ജൂലായ് - ഡിസംബർ | 8,9,10 | ഐ.സി.റ്റി, ചർച്ച, സെമിനാർ, എക്സിബിഷൻ | ശ്രീ. സ്റ്റാലിൻ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | **ഇത് എന്റെ കേരളം** | ചരിത്രം - ഭൂമിശാസ്ത്രം - സാമ്പത്തികം - ജനസംഖ്യ - വിദ്യാഭ്യാസ നിലവാരം - കലാകാരന്മാർ - കലാരൂപങ്ങൾ - സാഹിത്യകാരന്മാർ - സംസ്കാരം - ഭാഷ പ്രത്യേകതകൾ ICT – സഹായത്തോടെ പരിചയപ്പെടുന്നു. (ജില്ലാ അടിസ്ഥാനത്തിൽ) | ആഗസ്റ്റ് - ജനുവരി | 8,8,10 | ലൈബ്രറി, ICT, What's up group | ശ്രീ. ഷമ്മി | |

വിഭാഗം : സെക്കന്ററി (എച്ച്.എസ് വിഭാഗം) ഇംഗ്ലീഷ് – 2025

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും സമയ ക്രമവും | വിഭാഗം/ ക്ലാസ് | സ്രോതസ്സ് | ചുമതല കൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| യു.പി തലത്തിൽ സ്വായത്തമാക്കിയ Listening skills, Speaking skills, Reading skills, Writing skills പരിപോക്ഷിപ്പിക്കുന്നതിനും ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിനും | • Activities to ensure minimum level of learning<br>Listening skills<br>Speaking skills<br>Reading skills<br>Writing skills<br>Special evaluation tools prepared are used for assessment. | 3 മാസം ജൂൺ - ആഗസ്റ്റ് | 8 -10 | PTA | HS English Teachers | Head of English Department |
| | • Lower level discourse കൾ reinforce ചെയ്തതിനു ശേഷം plays, travelogue, choreography തുടങ്ങിയവ higher level discourse കൾ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. | 7 മാസം ആഗസ്റ്റ് - ഫെബ്രുവരി | 8 -10 | PTA | HS English Teachers | Head of English Department |
| | Oral aspect of language learning | 8 മാസം | 8 -10 | PTA | HS English | Head of |

| | | | | | | |
|---|---|---|---|---|---|---|
| | Oral Practise<br>Oral tests (ഇംഗ്ലീഷ് ക്ലിനിക് ലാബ് നടപ്പിലാക്കുന്നു. വാചിക പരീക്ഷകൾ മൂല്യനിർണ്ണയത്തിന്റെ ഭാഗമാക്കുന്നു) | ജൂലായ് - ഫെബ്രുവരി | | | Teachers | English Department |
| ഇംഗ്ലീഷ് സാഹിത്യ രചനകളും സാഹിത്യകാരൻമാരേയും കൂടുതൽ അിറയുന്നതിന് | Library Fest സംഘടിപ്പിക്കുന്നു. | 2 മാസം ജൂൺ - ജൂലായ് | 8 -10 | PTA | HS English Teachers | Head of English Department |
| | വിവിധ മേഖലകളിൽ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | 6 മാസം ആഗസ്റ്റ് - ഫെബ്രുവരി | 8 -10 | PTA | HS English Teachers | Head of English Department |

| | | | | | | |
|---|---|---|---|---|---|---|
| പൊതു പരീക്ഷയ്ക്ക് ഒരുക്കുന്നതിനും പഠന പിന്നോക്ക മേഖലകൾ കണ്ടെത്തുന്നതിനും | മാതൃക പരീക്ഷകൾ ഡയഗണോസ്റ്റിക് ടെസ്റ്റ് | 8 മാസം ജൂലായ് - ഫെബ്രുവരി | 10 | PTA | HS English Teachers | Head of English Department |
| ഇംഗ്ലീഷ് ഭാഷ സ്വാഭാവിക രീതിയിൽ കൈകാര്യം ചെയ്യാനുള്ള നൈപുണ്യം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന്. | ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സ്വാഭാവിക പ്രകൃതി ഒരുക്കാൻ ലക്ഷ്യം വച്ചുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. ഗാർഡനിൽ സമ്മേളിക്കുന്ന കുട്ടികൾ പ്രത്യേക വിഷയങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലൂടെ സംസാരിക്കുന്നു, എഴുതുന്നു, ചർച്ചകൾ നടത്തുന്നു, നിരീക്ഷണം, നിരൂപണങ്ങൾ നടത്തുന്നു. | 9 മാസം ജൂലായ് - ഫെബ്രുവരി | 8 - 10 | PTA | HS English Teachers | Head of English Department |
| | ക്ലാസ്സ് റൂം സൃഷ്ടികൾ പ്രദർശിപ്പിക്കാൻ ക്ലാസ്സ് മുറികളിൽ പ്രത്യേക ബോർഡ് സ്ഥാപിക്കുന്നു. (English Corner) | 9 മാസം | 8 - 10 | PTA | HS English Teachers | Head of English Department |

വിഭാഗം : യു.പി ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും സമയ ക്രമവും | വിഭാഗം/ ക്ലാസ് | സ്രോതസ്സ് | ചുമതല കൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ശ്രവിച്ച് വാക്കുകൾ ഉറപ്പിക്കുന്നതിന് വേണ്ടിയുള്ള കഴിവ് രൂപപ്പെടുത്തുന്നതിന് (Listening Skill) | Rhymes and Songs, Reading simple stories, Presenting speeches, Cartoons and caricature ഇത്തരത്തിലുള്ള മാധ്യമങ്ങളിലൂടെ Listening skill develop ചെയ്യുന്നു | 6 മാസം ജൂൺ - ഡിസംബർ | 5 -7 | PTA | UP English Teachers | HS English Teachers |
| കരിയായ ഉച്ചാരണത്തോടെ അക്ഷരത്തെറ്റില്ലാതെ വായിക്കുവാൻ (Reading Skill) | Course book കൂടാതെ അമർചിത്ര കഥകൾ, കാർട്ടൂൺ കഥകൾ, സ്കൂൾ ലൈബ്രറിയുടെ സഹായത്തോടെ ലഭ്യമാക്കുകയും വായനയ്ക്കായും അസസ്മെന്റിനുമായി പ്രത്യേകം സമയം അനുവദിക്കുകയും ചെയ്യുന്നു. | 10 മാസം ജൂൺ - മാർച്ച് | 5 -7 | PTA | UP English Teachers | HS English Teachers |
| ഇംഗ്ലീഷ് ഭാഷ ശുദ്ധിയോടെ സംസാരിപ്പിക്കാൻ പ്രാപ്തനാക്കുക. (Speaking Skill) | Discussions and debate on simple real life situations. Role play on given situation. Simple language expression, phonetically drills cursive writing തുട | 10 മാസം ജൂൺ - മാർച്ച് | 5 -7 | PTA | UP English Teachers | HS English Teachers |

| | | | | | | |
|---|---|---|---|---|---|---|
| | ങ്ങിയ രീതികളിലൂടെ സ്പീകിങ് സ്കിൽ ഡെവലപ്പ് ചെയ്യുന്നു. Oral practice and test സംഘടിപ്പിക്കുന്നു. | | | | | |
| ഇംഗ്ലീഷ് തെറ്റ് കൂടാതെ എഴുതുവാനുള്ള നൈപുണ്യം വളർത്തിയെടുക്കുന്നു. (Writing Skills) | Lower level discourses such as Diary, Letter, narration are introduced and trained. English Corner<br>Publishing the class room products publically. ഇതിനായി പ്രത്യേക ബോർഡുകൾ തയ്യാറാക്കുന്നു. | 10 മാസം ജൂൺ - മാർച്ച് | 5 -7 | PTA | UP English Teachers | HS English Teachers |
| പുസ്തകങ്ങളും എഴുത്തുകാരെയും പരിചയപ്പെടാനും, സാഹിത്യ കൃതികൾ ആസ്വദിക്കാനും നിരൂപണം നടത്താനുമുള്ള അവസരം. (സാഹിത്യ ഫെസ്റ്റിവൽ) | Competition<br>Letter, diary, poster തുടങ്ങിയവ തയ്യാറാക്കാനുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | 2 മാസം ജൂൺ - ജൂലായ് | 5 -7 | PTA | UP English Teachers | HS English Teachers |

| | | | | | | |
|---|---|---|---|---|---|---|
| പരീക്ഷകളെക്കുറിച്ചും ചോദ്യങ്ങളെക്കുറിച്ചുമുള്ള കൃത്യമായ ധാരണ ഉണ്ടാക്കുവാനും പഠന പിന്നോക്കാവസ്ഥയുടെ മേഖലകൾ മനസ്സിലാക്കാനും. | Model test papers and diagnostic test ഓരോ ടേമിലും വാചിക മൂല്യ നിർണ്ണയം നടത്തുന്നു. | 8 മാസം ജൂലായ് - ഫെബ്രുവരി | 5 -7 | PTA | UP English Teachers | HS English Teachers |

# വിഷയം : ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ് / സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ഭാഷാശുദ്ധിയോടെ ആശയവിനിമയം | അക്ഷരജ്ഞാനം (എഴുതുവാനും, വായിക്കുവാനും) | 2 മാസം | 5-ാം ക്ലാസ്സ് | P.T.A. യിൽ നിന്ന് | ഹിന്ദി അധ്യാപകരുടെ ഉത്തരവാദിത്വം | |
| | | | ഒരു ആഴ്ച | 6 മുതൽ 10 വരെ | | | |
| 2. | ആശയങ്ങൾ വിവിധ വിഭാഗങ്ങളിലൂടെ (സംവാദം, ഡയറി, കത്ത്, പത്രവാർത്ത, പ്രസംഗം, പോസ്റ്റർ, .....) | ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിലൂടെ ഭാഷ കേൾക്കുവാനും ആശയം ഗ്രഹിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ | 6 മാസം | H.S. വിഭാഗം | P.T.A. യിൽ നിന്ന് | ,, | |
| | | | 1 വർഷം | U.P. വിഭാഗം | | | |
| | | U.P. തലത്തിൽ കുട്ടികളുടെ കൈയക്ഷരങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിർബന്ധമായും കോപ്പി എഴുതിപ്പിക്കൽ | തുടർ പ്രവർത്തനം | U.P. വിഭാഗം | P.T.A. യിൽ നിന്ന് | ,, | |
| | | | 2 ആഴ്ച | H.S. വിഭാഗം | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തിയെടുക്കുക. | സാമൂഹ്യ പരിഷ്കർത്താക്കളുടെയും മറ്റും ജീവചരിത്രങ്ങൾ പരിചയപ്പെടുത്തൽ | തുടർ പ്രവർത്തനം | U.P., H.S. വിഭാഗം | P.T.A. യിൽ നിന്ന് | ,, | |
| 5. | പരിസ്ഥിതി സൗഹൃദ പഠനം മുഖ്യധാരയിൽ വളർത്തിയെടുക്കുക. | പരിസ്ഥിതി പ്രവർത്തകരെ സ്കൂളിൽ എത്തിച്ച് സെമിനാറുകൾ സംഘടിപ്പിയ്ക്കൽ. | തുടർ പ്രവർത്തനം | U.P., H.S. വിഭാഗം | P.T.A. യിൽ നിന്ന് | | |

# വിഷയം : സാമൂഹ്യ ശാസ്ത്രം (UP)

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും/ സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | വിവിധ പഠനപ്രക്രിയകൾ വഴിയും, പ്രായോഗിക പ്രവർത്തനങ്ങൾ വഴിയും വിവര-സാങ്കേതി വിനോദ ഉപാധികൾ വഴിയും സാമൂഹ്യ ശാസ്ത്രപഠനം വിദ്യാർത്ഥികൾക്ക് ലളിതവും രസകരവുമാക്കി താത്പര്യം ജനിപ്പിക്കുക. | സാമൂഹ്യശാസ്ത്രപഠന ലക്ഷ്യങ്ങൾ വിവരിക്കുക.<br>➢ പഠന ഭാഗങ്ങൽ (യൂണിറ്റുകൾ) വേർതിരിച്ച് ആവശ്യമായ മുൻ ഒരുക്കങ്ങൾ നടത്തുക, Map, Video, Pictures, Albums, പത്രക്കുറിപ്പുകൾ മുതലായവയുടെ ശേഖരണം.<br>➢ രക്ഷിതാക്കൾക്ക് അവബോധം നൽകുക. പഠന പ്രക്രിയകൾക്ക് അവരുടെ ആവശ്യമായ സഹായം അഭ്യർത്ഥിക്കുകയും സ്കൂൾ സഹായ സംഘങ്ങളെയും രൂപീകരിക്കുക.<br>➢ മറ്റു പാഠ്യവിഷയങ്ങളുമായി സാമൂഹ്യശാസ്ത്രത്തിന്റെ ബന്ധം കണ്ടെത്തി പഠനം പരസ്പരം പൂരകമാക്കുക.<br>➢ ഭാഷാനൈപുണ്യത്തിന് | 2 മാസം April – May<br><br>June – 1st week | UP | SCERT Resources<br>P.T.A. Fund<br>രക്ഷിതാക്കൾ PTA Fund<br>മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർ<br>URC / School IT Resource Team | SRG<br>SRG<br>SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സാമൂഹ്യ ശാസ്ത്രത്തെ ഉപയോഗിക്കുക.<br>➢ English Vocabulary Development Personal Dictionary നിർമ്മിക്കുക.<br>➢ വിവിധ മത്സരങ്ങൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുക. | മുഴുവൻ അദ്ധ്യയന വർഷവും | | Eng. Lang. Trs. | SRG | |
| 2. | സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ വ്യക്തികളും സമൂഹവും ഒന്ന് ചേർന്ന് മാനവ സംസ്കാരത്തിന്റേയും നാഗരികതയുടെയും സംരക്ഷണവും പുരോഗതിയ്ക്കുമായി പ്രവർത്തിക്കുക. | വ്യക്തികൾ ചേർന്ന് കുടുംബവും, സമൂഹവുമാകുന്നത് വിശകലം ചെയ്യുക.<br>➢ Family Tree തയ്യാറാക്കുക.<br>➢ വിവിധ മതങ്ങളും, സംസ്കാരങ്ങളും മനസ്സിലാക്കുക.<br>➢ വിവിധ സാമൂഹ്യ- മതമേലധ്യക്ഷ്യന്മാരുമായും സംവദിക്കുക.<br>➢ സാമൂഹ്യ പരിപാടികളിൽ പങ്കെടുക്കുക.<br>➢ വിവിധ കലാ-സാംസ്കാരിക പരിപാടികളും സുപ്രധാന ദിനങ്ങളും ആചരിക്കുക. | അദ്ധ്യായന വർഷം<br><br>പാഠഭാഗങ്ങൾക്കനുസൃതമായി ഓരോടേമിലും പ്രവർത്തനം | UP | വിദ്യാർത്ഥികളുടെ സ്വന്തം കുടുംബം<br><br>റസിഡന്റ്സ് അസോസിയേഷൻസ്<br><br>School PTA രക്ഷിതാക്കൾ, പൂർവ്വ-അധ്യാപകരും വിദ്യാർത്ഥികളും<br><br>വിവിധ മത സാംസ്കാരിക നേതാക്കൾ | SRG<br><br>SRG<br><br>SRG<br><br>SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ➢ പ്രാദേശിക ചരിത്രം പഠിക്കുക.<br>➢ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക. Field Trips, സെമിനാർ, ഇന്റർവ്യൂ, മാഗസിനുകൾ, ആഡിയോ, വീഡിയോ ശേഖരണം ഡോക്യുമെന്ററികൾ തയ്യാറാക്കുക.<br>➢ പ്രസംഗ മത്സരം, ക്വിസ് മുതലായ മത്സരങ്ങൾ സംഘടിപ്പിക്കുക<br>➢ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | ഉചിതമായ മാസങ്ങളിൽ | | രാഷ്ട്രീയ പ്രമുഖർ<br>IT – Team<br>PTA Fund<br>School ലെ വിവിധ ക്ലബ്ബുകൾ | SRG<br>SRG | |
| 3. | സാമൂഹ്യ നീതിബോധവും മൂല്യ സംരക്ഷണവും, ജനാധിപത്യ ഉത്തരവാദിത്വവും നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കി അനീതിക്കും, ചൂഷണത്തിനുമെതിരെ വിദ്യാർത്ഥികളെ ബോധവാന്മാരാക്കുകയും തിന്മ | ജനാധിപത്യ ബോധം വളർത്തുന്ന പ്രവർത്തികൾ നടത്തുക.<br>➢ സ്കൂൾ പാർലമെന്റ്<br>➢ തെരഞ്ഞെടുപ്പ്<br>➢ സാമൂഹ്യനീതി വകുപ്പ് പ്രവർത്തനങ്ങൾ / ലക്ഷ്യങ്ങൾ വിവരിക്കുക.<br>ഭാരതത്തിന്റെ ഭരണഘടനയും നിയമ വ്യവസ്ഥയും, അവകാശങ്ങളുടേയും കടമകളുടേയും ബോധവൽക്കരണം | ജൂലൈ - ആഗസ്റ്റ് | UP | പി.ടി.എ.<br>സാമൂഹ്യ നീതി വകുപ്പ് ഉദ്യോഗസ്ഥർ<br>ഗ്രാമസഭാ/ കോർപ്പറേഷൻ ഉദ്യോഗസ്ഥർ<br>പോലീസ് ഉദ്യോഗസ്ഥർ<br>വക്കീലന്മാർ<br>ഡോക്ടർമാർ | SRG<br>SRG<br>SRG<br>SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൾക്കെതിരെ പ്രതികരണശേഷി വളർത്തുകയും ചെയ്യുക. | ➢ നിയമസഭാ സന്ദർശനം<br>➢ നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥരുമായി സംവാദം<br>➢ കോടതി, പോലീസ് സ്റ്റേഷൻ സന്ദർശനം<br>➢ ജയിൽ സന്ദർശനം<br>➢ വൃദ്ധ സദനം / അനാഥാലയ സന്ദർശനങ്ങൾ<br>➢ റോഡ് സുരക്ഷാ അവബോധന പ്രവർത്തികൾ<br>➢ ലക്ഷ്യവുമായി ബന്ധപ്പെടുന്ന മറ്റു പഠന തന്ത്രങ്ങൾ നടപ്പിലാക്കുക.<br>➢ സെമിനാർ, പാനൽ ഡിസ്കഷൻ തുടങ്ങിയവ...<br>➢ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക. | | | ട്രാഫിക് പോലീസ്<br>എസ്.പി.സി. യൂണിറ്റ്<br>റെഡ് ക്രോസ്സ് യൂണിറ്റ്<br>ഐ.ടി. ടീം | SRG<br>SRG<br>SRG | |
| 4. | പ്രകൃതിയേയും പ്രപഞ്ച പ്രതിഭാസങ്ങളേയും ആസ്വദിക്കുന്നതിനൊപ്പം, ശാസ്ത്രീയവും പ്രാദേശികവുമായ അറിവുകളുടെ അടിസ്ഥാനത്തിൽ അവയുടെ സന്തുലിത സംരക്ഷണവും സുസ്ഥിര വികസനവും | - പ്രകൃതിയുടെ ആവശ്യം , സംരക്ഷണം, ചൂഷണം എന്നിവ പാഠഭാഗങ്ങൾക്ക് അനുസൃതമായി വിദ്യാർത്ഥികൾക്ക് ബോധ്യം വരുത്തുക.<br>➢ ജലസ്രോതസ്സ് സന്ദർശനവും സംരക്ഷണവും<br>➢ സ്കൂളിൽ '0 – Waste' പദ്ധതി നടപ്പിലാക്കുക. (ജ | ജൂൺ ആദ്യ ആഴ്ച | UP | വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ<br>കൃഷി ആഫീസർ<br>ശാസ്ത്രജ്ഞർ<br>കൃഷിക്കാർ | SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | നടപ്പിലാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | ലം, ആഹാരം)<br>➢ പ്ലാസ്റ്റിക് നിർമ്മാർജ്ജന പരിപാടികൾ<br>➢ രക്ഷിതാക്കളെ ഉൾപ്പെടുത്തി ബോധവൽക്കരണവും, അനുബന്ധ പ്രവർത്തനങ്ങളും<br>➢ പ്രാദേശിക സംരക്ഷണ സേന രൂപീകരിക്കുക (വിദ്യാർത്ഥികൾ, സംഘടനകൾ, മാതാപിതാക്കൾ.....)<br>➢ ഫാക്ടറി സന്ദർശനം, വിശകലനം<br>➢ ഊർജ്ജ സംരക്ഷണ പദ്ധതികൾ എൽ.ഇ.ഡി. ബൾബ് ശേഖരണവും, വിതരണവും<br>➢ സൗരോർജ്ജ പദ്ധതി നടപ്പിലാക്കാൻ ശ്രമം (സ്കൂൾ തലത്തിൽ)<br>➢ സ്കൂൾ, ജില്ലാ, സംസ്ഥാന തല പ്രവർത്തി പരിചയ മത്സരങ്ങൾക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുക.<br>➢ കൃഷിയിട സന്ദർശനം | സെപ്റ്റംബർ<br>-<br>ഒക്ടോബർ<br>മാസങ്ങൾ | | Nature Club + വിവിധ സംഘടനകൾ<br>വനപാലകർ Wild - Photographer മാർ<br>PTA Fund<br>IT Team<br>School management | SRG<br>SRG<br>SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ➢ വാനനിരീക്ഷണം .... മുതലയാവ | | | | | |
| 5. | ശാരീരികമായോ മാനസികമായോ പഠനവൈകല്യം നേരിടുന്ന വിദ്യാർത്ഥികളുടെ വളർച്ചക്കായി വിഭവങ്ങളും, പാഠഭാഗങ്ങളും തയ്യാറാക്കുക. | - ഭൗതിക സാഹചര്യങ്ങൾ സ്കൂളിലും ഭവനത്തിലും തയ്യാറാക്കുക.<br>➢ ഭവന സന്ദർശനം, വിശകലനം തുടർ നടപടികൾ<br>- പാഠ്യഭാഗങ്ങൾ ഇത്തരം വിദ്യാർത്ഥികൾക്കായി അനുരൂപപ്പെടുത്തുക. ( Adapting lessons)<br>- റിസോഴ്സ് അധ്യാപകരുടേയും മറ്റ് വിദഗ്ദധരുടേയും, രക്ഷിതാക്കളുടെയും സേവനവും സഹായവും ഉറപ്പാക്കുക.<br>- വിവിധ അഭിരുചികൾ കണ്ടെത്തി പരിപോഷിപ്പിക്കു. ( Nurturing the talents)<br>- അയവോടുകൂടിയ (Flexible) വിലയിരുത്തൽ പ്രാവർത്തികമാക്കുക.<br>- ഉചിതമായതും, പ്രാവർത്തികമാക്കാൻ സാധിക്കുന്നതുമായ പഠന തന്ത്രങ്ങൾ വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കുക. | ജൂൺ മൂന്നാമത്തെ ആഴ്ച<br><br>അദ്ധ്യായന വർഷം മുഴുവൻ | UP | SRG<br>PTA | School Nurse Resource Teacher<br><br>SRG<br>Health Club | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | കാലാനുഗതമായി വരുന്ന മാറ്റങ്ങൾ ക്രിയാത്മകമായി വിശകലനം ചെയ്ത്, ശാസ്ത്ര - സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രസ്ഥാപിത ലക്ഷ്യനേട്ടത്തിനായ് വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും തയ്യാറാക്കുക. | - സാമൂഹ്യശാസ്ത്ര പഠനത്തിന് ആവശ്യമായി നിലവിലുള്ള ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക.<br>- നൂതന ആശയങ്ങൾ രൂപപ്പെടുത്തി വികസിപ്പിച്ച് നടപ്പിലാക്കുക.<br>-പ്രാദേശിക നാട്ടറിവുകളുമായി സാമൂഹ്യ ശാസ്ത്രപഠനം കൂട്ടിയിണക്കുക.<br>- കൃത്യവും വസ്തുനിഷ്ഠവുമായ വിലയിരുത്തലുകൾ കൃത്യമായ കാലയളവുകളിൽ നടത്തി പരിഹാര പ്രവർത്തികൾ നടപ്പിലാക്കുക.<br>➢ Worksheets for students<br>➢ Term Evaluation study<br>➢ Separate work sheets for special need / weak students. | അദ്ധ്യയന വർഷം<br><br>ആഗസ്റ്റ് - ഡിസംബർ ഫെബ്രുവരി | UP | SRG<br>PTA Fund | SRG<br>School Management<br>PTA | |

# വിഷയം : സാമൂഹ്യ ശാസ്ത്രം (HS)

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും/ സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങളും ഉദ്ഗ്രഥിത പഠനവും : ജലസ്രോതസ്സുകളുടെ നാശം, ജല ദൗർലഭ്യം ഇവ കുട്ടികളിലൂടെ സമൂഹശ്രദ്ധയിൽ കൊണ്ടുവരാൻ | പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നതിന്റെ ഭാഗമായി<br>➢ മഴക്കുഴികൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സ്<br>➢ പ്ലാസ്റ്റിക്കിനെ തുരത്തുവാനായി പേപ്പർ ബാഗ് നിർമ്മാണ ക്ലാസ് (അമ്മമാരെയും ഉൾപ്പെടുത്തി)<br>➢ പഠനയാത്ര (മാർ ബസേലിയോസ് കോളേജിൽ നിർമ്മിച്ചിരിക്കുന്ന ഭീമൻ മഴക്കുഴി സന്ദർശിക്കുവാനുള്ള അവസരം) | JUNE | HS | Water Authority ഉദ്യോഗസ്ഥർ<br>PTA Fund<br>കുടുംബശ്രീ PTA Fund<br>SRG<br>PTA Fund | SRG<br>Nature Club<br>SRG<br>SRG | |
| 2. | ലഹരി പദാർത്ഥങ്ങൾ വരുത്തി വയ്ക്കുന്ന മാരക പ്രശ്നങ്ങൾക്ക് ബോധവത്കരണത്തിലൂടെ പരിഹാരം കാണുക | - ലഹരി വിരുദ്ധ ദിനത്തിൽ (ജൂൺ 26) പ്ലക്കാർഡു നിർമ്മാണ മത്സരം<br>- മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ഒരു തെരുവു നാടക യജ്ഞം കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നു. | JUNE | H.S | De Addiction Centre (TSS)<br>തിരുവനന്തപുരം അതിരൂപതാ മദ്യ വിരുദ്ധ | SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | - സ്കൂളിന്റെ പരിസരങ്ങളിൽ ലഹരി മരുന്നുകൾക്കെതിരെയുള്ള ലഘുലേഖ വിതരണം<br>- ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ചിത്രങ്ങളടങ്ങിയ കലണ്ടർ കുട്ടികളിലൂടെ കുടുംബങ്ങളിൽ എത്തിക്കുന്നു. | | | സമിതി (PTA Fund)<br><br>PTA Fund (School Protection Group) SPG | SRG<br><br>SRG | |
| 3. | സാമൂഹ്യശാസ്ത്രപഠനത്തിലൂടെ ഒരു നല്ല പൗരനാക്കി മാറ്റാനുള്ള സാഹചര്യങ്ങൾ ഒരുക്കുവാൻ | സോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br>സംവാദ ക്ലബ്<br>മോക്ക് പാർലമെന്റ് | June - February | H.S | SRG | SRG | |
| 4. | പ്രായോഗിക അറിവ് നേടുന്നതിനായി ഊർജ്ജ സംരക്ഷണ ഉദ്ദേശ്യത്തോടെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുവാനും സുസ്ഥിര വികസനവുമായി മുന്നോട്ടു നീങ്ങുവാനുള്ള മനോഭാവം | അദ്ധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ അവരവരുടെ വീടുകളിലെ ഇലക്ട്രിസിറ്റി ഉപയോഗം നിയന്ത്രിക്കുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് ഒരു പ്രോജക്ട് തയ്യാറാക്കുന്നു. | July | H.S. | SRG<br>S.S. CLUB | SRG | |
| 5. | ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളെ കണ്ടെത്തുക. | പ്രാദേശിക ചരിത്രമെഴുത്തിന്റെ ഭാഗമായി തുമ്പയിലെ വി.എസ്.എസ്.സി. യിലേയ്ക്ക് ഒരു പഠനയാത്ര | July | H.S. | VSSC ഉദ്യോഗസ്ഥർ | SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | കുട്ടികളിൽ ശാസ്ത്ര അവബോധം, ആഗോള സമാധാനം, യുദ്ധ വിരുദ്ധ മനോഭാവം എന്നിവ വളർത്തിയെടുക്കുന്നു. | അണ്വായുധങ്ങൾക്കെതിരെയും, ലോക സമാധാനം ലക്ഷ്യമാക്കിയും - പോസ്റ്റർ മത്സരം നടത്തുന്നു. പ്രഭാഷണം | August | H.S. | SRG<br>PTA Fund | SRG | |
| 7. | ദേശീയോത്ഗ്രഥനം എന്ന മനോഭാവം വളർത്തിയെടുക്കാൻ | സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. സ്വാതന്ത്ര്യ സമരസേനാനികളുടെ ചിത്രങ്ങളും അവരുടെ പ്രവർത്തനങ്ങളും അടങ്ങിയ ആൽബം തയ്യാറാക്കൽ സ്വാതന്ത്ര്യ സമരസേനാനികളുമായി അഭിമുഖം | August | H.S. | SRG<br>PTA Fund | SRG | |
| 8. | നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ മാതാ പിതാ ഗുരു ദൈവം എന്ന മനോഭാവം വളർത്തിയെടുക്കുക. | - പൊതു അസംബ്ലിയിൽ ഗുരുവന്ദനം നടത്തുന്നു.<br>- ഡോ. എസ്. രാധാകൃഷ്ണനെ കുറിച്ച് ഒരു പ്രഭാഷണം കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നു. | September | HS | DIET<br>PTA Fund | SRG | |
| 9. | പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിന്റെ ഭാഗമായി അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുവാൻ നക്ഷത്രക്കൂട്ടങ്ങളെയും ഗ്രഹങ്ങളെയും ആകാശത്ത് | വിദഗ്ദ്ധരുടെ സഹായത്തോടെ ജ്യോതിശാസ്ത്ര ക്ലാസ്സും, എസ്.എസ്. ലാബിലെ ഉപകരണങ്ങളുടെ സഹായത്തോടെ വാനനിരീക്ഷണവും നടത്തുന്നു. | September | H.S. | SS LAB, പ്ലാനിറ്റേറിയത്തിലെ ഉദ്യോഗസ്ഥർ<br>PTA Fund | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിരീക്ഷിക്കുവാൻ കുട്ടിയെ പ്രാപ്തനാക്കുക. | | | | | | |
| 10. | വരും തലമുറയ്ക്ക് കൈമാറി കിട്ടിയ ചരിത്ര ശേഷിപ്പുകളെ പൈതൃക സമ്പത്തായി സംരക്ഷിക്കുവാനുള്ള മനോഭാവം വളർത്തിയെടുക്കുക. | പഴയ കാല നാണയങ്ങളുടെയും, കറൻസികളുടെയും, പഴയ കാല ഗൃഹോപകരണങ്ങളുടെയും പ്രദർശനം സംഘടിപ്പിക്കുക. | September | HS | Archaeology Dept.<br>PTA Fund | SRG | |
| 11. | രാഷ്ട്ര പിതാവിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊണ്ട് കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുക. | ക്ലീൻ ഇന്ത്യയുടെ ഭാഗമായി രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി സ്കൂൾ പരിസരം വൃത്തിയാക്കൽ | October | HS | PTA<br>MPTA<br><br>PTA Fund | SRG<br>&<br>PTA | |
| 12. | ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ തിരിച്ചറിയുക. | ഒക്ടോബറിലെ യു.എൻ. ഡേയുമായി ബന്ധപ്പെടുത്തി Girl rising എന്ന ഡോക്യുമെന്ററി പ്രദർശനം. | October | HS | SRG<br>SS LAB | SRG | |
| 13. | കുട്ടികളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക. | സ്കൂൾ അസംബ്ലിയിൽ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ഒരു പ്രഭാഷണം സംഘടിപ്പിക്കുന്നു. | November | H.S. | Child<br>Welfare<br>Committee<br>SRG | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 14. | കാർഷികമേഖലയിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നതിന് | ഞാറു നടൽ ഉത്സവത്തിൽ പങ്കെടുക്കുവാൻ ഒരു പഠന യാത്ര (വെള്ളായണിയിലേക്ക്)<br>നെൽകൃഷി നേരിടുന്ന വെല്ലുവിളികളെക്കുറിച്ചറിയാൻ കർഷരുമായി കൂടിക്കാഴ്ച | November | HS | കാർഷിക കോളേജ് വെള്ളായണി | SRG | |
| 15. | പൊതുജനങ്ങളുമായി ഇടപെടാനും സംസാരിക്കാനും ചർച്ച ചെയ്യാനും പൊതുപ്രശ്നങ്ങൾ തിരിച്ചറിയാനും അവയിൽ ഇടപെടാനുമുള്ള മനോഭാവം | കുടിവെള്ള ക്ഷാമം നേരിടുന്ന ഏതെങ്കിലും ഒരു പ്രദേശം കണ്ടെത്തി, ആ പ്രദേശത്തിലെ നിവാസികളുടെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തി അത് അധികൃതരുടെയും ജില്ലാധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ശ്രമിക്കുന്നു. | December | | ഗ്രാമപഞ്ചായത്ത്<br>SRG<br>PTA Fund | SRG | |
| 16. | കുട്ടകളിൽ പൗരബോധം വളർത്തുവാൻ | Mock Parliament –ൽ സമകാലീനമായി ഒരു വിഷയം ചർച്ച ചെയ്ത് ഒരു നിയമം നടപ്പിലാക്കുവാൻ തീരുമാനിക്കുന്നു.<br>സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം പാനൽ ചർച്ച<br>റിപബ്ലിക് ദിനത്തോട് അനു | January | HS | SRG | SRG | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ബന്ധിച്ച് പൗരബോധം വിഷയമാക്കി ഒരു പ്രസംഗ മത്സരം | | | | | |
| 17. | പഠനത്തിൽ പിന്നാക്കം നിൽക്കുന്നതും വിഭിന്ന ശേഷിക്കാരുമായ വിദ്യാർത്ഥികളെ മെച്ചപ്പെടുത്താൻ | മാസത്തിലൊരിക്കൽ Work sheet കൾ നൽകാനും മാസത്തിലൊരിക്കൽ Team teaching ഉപയോഗപ്പെടത്താനും<br>ഭവന സന്ദർശനം<br>രക്ഷിതാക്കൾക്കു അവബോധം നൽക്കുക.<br>റിസോഴ്സ് അധ്യാപകരുടെ സേവനം | June to Feb | H.S. | SRG<br>+<br>CWSN<br>Resource<br>Teacher | SRG | |
| 18. | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഒരു ആൽബം തയ്യാറാക്കൽ | June – February | H.S. | SRG | SRG | |

പ്രവർത്തനം - 1

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- |
| ശാസ്ത്രലാബിലൂടെ ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ | • നമ്മുടെ സ്കൂളിലെ ബയോളജി, ഫിസിക്സ്, കെമിസ്ട്രി ലാബുകൾ നവീകരിച്ച് കുട്ടികളുടെ പങ്കാളിത്തത്തോടെ കാറ്റലോഗ് തയ്യാറാക്കൽ | 1 വർഷം | 2 lakhs PTA | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം - 2

പേര് : പ്രതിഭാപോഷണ പരിപാടി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- |
| പ്രതിഭകൾക്ക് വിദഗ്ദ പരിശീലനവും ക്ലാസ്സുകളും ലഭ്യമാക്കുന്നതിന് | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിനങ്ങൾ | 5000 PTA | SRG | |

പ്രവർത്തനം - 3

പേര് : ശാസ്ത്രയാത്രകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| ശാസ്ത്ര പഠനം കുട്ടികളിൽ രസകരമാക്കുന്നതിന് | • പ്ലാനിറ്റോറിയം, മൃഗശാല, ഐ.എസ്.ആർ.ഒ, ബോട്ടാണിക്കൽ ഗാർഡൻ എന്നിവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്ര. | പ്രതിവർഷം 2 യാത്രകൾ | 10,000 PTA | സയൻസ് ക്ലബ്ബ് | |
| | • അഞ്ചോ, പത്തോ മിനിട്ട് ദൈർഘ്യമുള്ള ശാസ്ത്ര നാടകാവതരണത്തിന് കുട്ടികളെ പരിശീലിപ്പിക്കൽ. | ഒരു ടേമിൽ ഒന്ന് | | SRG | |
| | • ഐ.സി.റ്റിയുടെ ഉപയോഗം ഉറപ്പ് വരുത്തുക.<br>• ഓരോ ക്ലാസ്സിലും ശാസ്ത്ര ലാബുകളും ശാസ്ത്ര ലൈബ്രറികളും ക്രമീകരിക്കുക. (കുട്ടികളുടെ സഹായത്താൽ) | | 1 lakh (PTA & Management) | PTA | |

പ്രവർത്തനം - 4

പേര് : മേളകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുന്നതിന്. | • സ്കൂൾ ശാസ്ത്രമേള കാര്യക്ഷമമായ് സംഘടിപ്പിച്ച് എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുക.<br>• സംസ്ഥാന തലം വരെ എത്തിക്കുന്ന രീതിയിലുള്ള പരിശീലനം നൽകൽ.<br>• പ്രഗൽഭരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ശില്പശാല സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | 20,000 (PTA) | Science Club | |

പ്രവർത്തനം - 5

പേര് : ശാസ്ത്രപോഷണ പരിപാടി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- |
| ശാസ്ത്ര വിഷയങ്ങളോട് കൂടുതൽ താല്പര്യം എടുക്കുന്നതിന് | • പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുകയും. | ആഴ്ചയിൽ 2 ദിവസം 1.00 pm to 1.30 pm | | അതാത് ക്ലാസ്സിലെ ടീച്ചേഴ്സ് | |

| | | | | | |
|---|---|---|---|---|---|
| | • മാതാപിതാക്കൾക്ക് ബോധ വൽക്കരണ ക്ലാസ്സ് സംഘടി പ്പിക്കുകയും ചെയ്യുന്നു. | | | | |

പ്രവർത്തനം - 6

പേര് : നേരനുഭവം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| നേരനുഭവത്തിലൂടെ പഠന നേട്ടങ്ങൾ കുട്ടിക്ക് കരസ്ഥമാക്കാനാക്കുന്നു എന്ന് ഉറപ്പ് വരുത്തുക. | • സ്കൂളിനെ പരിസ്ഥിതി സൗഹൃദ കലാലയമായ് മാറ്റുന്നതിന് സോളാർ പാനൽ, ബയോ ഗ്യാസ്, ബയോ ഡൈവർസിറ്റി പാർക്ക് തുടങ്ങിയവ സ്കൂളിൽ സ്ഥാപിക്കുക. | 2 വർഷം | 5 Lakhs (Management & PTA) | Management & PTA | |

പ്രവർത്തനം - 7

പേര് : കുട്ടിയും സമൂഹവും പരസ്പര പൂരകങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| കുട്ടിയെ സമൂഹവുമായ് ബന്ധപ്പെടുത്തി പഠിക്കാനുള്ള പ്രോത്സാഹനം നൽകുക. | • കുട്ടികളുടെ സ്കൂളിലെ പ്രവർത്തനങ്ങൾ സോഷ്യൽ മീഡിയയിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുക.<br>• സമൂഹത്തിലെ പ്രഗൽഭന്മാരെ കുട്ടികളുടെ ശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിനായ് ഉപയോഗിക്കുക. (സെമിനാർ, ഇന്റർവ്യൂ എന്നിവയിലൂടെ)<br>• സ്കൂൾ പ്രവർത്തനങ്ങളുടെ ഒരു ജേർണൽ പ്രസിദ്ധീകരിക്കുക. (കുട്ടികളുടെ സഹായത്താൽ) | ഓരോ ടേമലും ഓരോന്ന് വീതം | 12,000<br>PTA | SRG | |

പ്രവർത്തനം - 8

പേര് : പരിസ്ഥിതി എന്റെ ഭവനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ മനോഭാവം രൂപീകരിക്കുക. | • പരിസ്ഥിതി ദിനാചരണം<br>• സമീപപ്രദേശങ്ങളിലെ പാരിസ്ഥിക പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കാണൽ.<br>• വൃക്ഷ തൈകൾ വച്ച് പിടിപ്പിക്കുക. | എല്ലാ വർഷവും | | SRG | |

പ്രവർത്തനം - 9

പേര് : കലണ്ടർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾ കുട്ടികൾക്ക് സമയബന്ധിതമായി നേടി എടുക്കുന്നതിന് | • എസ്.ആർ.ജി തലത്തിൽ ഓരോ ക്ലാസ്സിനും പാഠ്യപദ്ധതിക്ക് അനുസരിച്ച് അക്കാദമിക കലണ്ടർ തയ്യാറാക്കൽ<br>• Monthly portion ക്ലാസ്സ് മുറിയിൽ ഒട്ടിക്കുക. | മെയ് | | SRG | |

പ്രവർത്തനം - 10

പേര് : Sanjo Radio

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| സയൻസിലെ പുതിയ മേഖലകളും കണ്ടുപിടിത്തവുമായ് നിരന്തരമായ ബന്ധം വളർത്തുക. | Sanjo Radio (School FM) ഉപയോഗിച്ച് സയൻസിന്റെ പുതിയ കണ്ട്പിടുത്തങ്ങൾ പ്രകൃതിയിലെ പ്രതിഭാസങ്ങൾ എന്നിവ പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം 1 മുതൽ 1.30 വരെ | | SRG | |

# വിഷയം : ബയോളജി

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും/ സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ശാസ്ത്രാവബോധം പാഠ്യേതര പ്രവർത്തനങ്ങളിലൂടെ | ശാസ്ത്രാവബോധന ക്ലാസ്സുകൾ - ഉദാ :<br>• ഏകബീജ പത്രസസ്യവും ദ്വിബീജ പത്രസസ്യവും താരതമ്യം ചെയ്യാനുള്ള വിത്തുമുളയ്ക്കൽ പ്രക്രിയകൾക്ക് സാക്ഷിയാകൽ<br>• പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനം നേരിട്ടനുഭവവേദ്യമാകാനുള്ള മാർഗ്ഗരേഖ<br>• മെഡിക്കൽ കോളേജിലെ കാർഡിയോളജി, ഒഫ്താൽമോളജി, ഇ.എൻ.ടി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിൽ പാഠ്യ വിഷയത്തിൽ നേരിട്ട് അറിവു നേടുന്നതിനും ആശയ സംവാദത്തിനും അവസരമൊരുക്കണം.<br>• ജീവപരിണാമവുമായി ബന്ധപ്പെട്ട് ഐറ്റിസ്കൂളിന്റെ സേവന | എല്ലാ രണ്ടാം ശനിയാഴ്ചയും മുഴുവൻ സമയവും | IX<br>X | P.T.A. Fund | ബിജു പി പോൾ, ജോൺ ഇ ജയൻ, രാജൻ വി പൊഴിയൂർ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ത്തോടെ സിസി, ഡോക്യുമെന്ററികൾ എന്നിവയ്ക്കുള്ള തീയേറ്റർ സംവിധാനം സ്കൂളിൽ ഒരുക്കണം.<br>• ഫോസിലുകളുടെ പഠനസാധ്യതയ്ക്കായി മൃഗശാലകൾ, പ്ലാനറ്റോറിയം, പുരാവസ്തുശാലകൾ എന്നിവിടങ്ങളിൽ നേരിട്ട് അറിവുലഭ്യമാകുവാനുള്ള പഠന-ആശയ വിപുലീകരണ യാത്രകൾ ഒരുക്കണം.<br>• ജനിതക എഞ്ചിനീയറിംഗിന്റെ നൂതനസാധ്യതാ പഠനത്തിന് ഐ.ടി.സ്കൂളിന്റെ സേവനവും സ്കൂൾതല ഐ.റ്റി. അധ്യാപകരുടെയും സേവനം ഉറപ്പിക്കണം. | | | | | |
| 2. | കാർഷിക സംസ്കാരം കെട്ടിപ്പടുത്തൽ | വിവിധയിനം പാടങ്ങൾ സന്ദർശനം. മണ്ണുശേഖരണം, വിത്തിനങ്ങളെ പരിചയപ്പെടൽ, കർഷകരുമായി അഭിമുഖം നെൽപാടങ്ങൾ ഉൾപ്പെടെയുള്ള പാടശേഖരങ്ങൾ, നീർത്തടങ്ങൾ എന്നിവയുടെ നേരിട്ടറിവ് | എല്ലാ 3-ാം ശനിയാഴ്ചയും മുഴുവൻ സമയവും | VIII | P.T.A. Fund | ജോൺ ഇ ജയൻ, ബിജു പി പോൾ, രാജൻ വി പൊഴിയൂർ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | ഖരദ്രവ മാലിന്യ നിർമാർജന പ്രക്രിയയിലെ പങ്കാളിത്തം | പ്ലാസ്റ്റിക് വിമുക്ത ക്യാംപസ് പ്രതിജ്ഞകൾ, ബോധവൽക്കരണങ്ങൾ, പാരിസ്ഥിക പ്രവർത്തനങ്ങൾ, നേരിട്ടറിയൽ, വിളപ്പിൽശാല, ചാല പോലുള്ള ഖരമാലിന്യ കൂമ്പാരങ്ങൾ നേരിട്ടറിയൽ, പുറമ്പോക്കുകൾ സന്ദർശിക്കൽ, ബയോഡൈവേഴ്സിറ്റിയുടെ സാധ്യത പഠനങ്ങൾ | എല്ലാ നാലാമത്തെ ശനിയാഴ്ചയും മുഴുവൻ സമയവും | VIII | P.T.A. Fund, Clubs | രാജൻ വി. പൊഴിയൂർ, ബിജു പി പോൾ, ജോൺ ഇ ജയൻ<br>വിദ്യാരംഗം, സയൻസ് ക്ലബുകളുടെ ക്ലബ് ചുമതലയുള്ള കോ-ഓർഡിനേറ്റർമാർ | |

# വിഷയം : ഫിസിക്സ്

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും സമയക്രമവും | വിഭാഗം | സ്രോതസ്സ് | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ഭൗതിക ശാസ്ത്രത്തോടുള്ള ആഭിമുഖ്യം വളർത്തുക | ISRO, CSIR field visit ഉം ശാസ്ത്ര പ്രദർശനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകളും | CSIR – I term<br>ISRO – II term | H. S. | P.T.A. | Physics Department | |
| 2. | ഗവേഷണ പഠനങ്ങൾ ഏറ്റെടുക്കുവാനുള്ള കഴിവ് ഉറപ്പാക്കുക. | Subject Experts-ന്റെ സഹായത്തോടെ വർക് ഷോപ്പ് Exhibits സംഘടിപ്പിക്കുന്നു. അതിൽ നിർമിക്കുന്നതിനു പരിശീലനം നൽകുന്നു. | July | H.S. | PTA | ” | |
| 3. | പഠനതത്വങ്ങൾ പ്രാവർത്തികമാക്കുന്നതിന് പ്രാവീണ്യം നേടുക. ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | School തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല, ജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം. | Yearly once | H.S. | PTA | Science club | |
| 4. | ദിനാചരണങ്ങള പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തമാക്കുക. | School തല അസംബ്ലികളിൽ ദിനാചരണങ്ങൾക്ക് പ്രാമുഖ്യം നൽകുകയും അതിനു പ്രത്യേകം ക്ലാസ്സുകൾ നേതൃത്വം നൽകുകയും ചെയ്യുന്നു. | Depends | H.S. | | Physics Teachers | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | ജ്യോതിശാസ്ത്രപഠനത്തിന് താല്പര്യം വളർത്തുന്നതിന് | പ്രപഞ്ചവുമായി ബന്ധപ്പെട്ട് പുസ്തത്തിനു പുറത്തുള്ള അറിവിലേയ്ക്ക് കുട്ടിയെ കൂട്ടിക്കൊണ്ടു പോകുന്നതിനായ് നേരിട്ട് വാനനിരീക്ഷണത്തിനുള്ള അവസരം നൽകുന്നു. | IIIrd term – Observatory | H.S. | PTA | Pysics Teachers | |
| 6. | ഊർജപരിപാലനം ഓരോ വ്യക്തിയുടേയും കടമയാണെന്ന് സ്വയം മനസ്സിലാക്കുന്നതിന് | തുടക്കം എന്നോണം ക്ലാസ്സ് മുറികളിലെ ആവശ്യാനുസരണം ലൈറ്റ് & ഫാൻ സ്വിച്ച് ഓൻ & ഓഫ് ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുകയും Energy Conservation Day യിൽ Quiz competition, Seminar, Video shows, debate തുടങ്ങിയവ നടത്തുകയും ചെയ്യുന്നു. ഇതുവഴി ഊർജ സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിലെത്തിക്കുന്നു. | Yearly once | H.S. | PTA | Pysics Teachers | |

# വിഷയം : കെമിസ്ട്രി

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | വിഭാഗം | ചുമതലകൾ | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | സ്കൂളിലേയും സമീപപ്രദേശങ്ങളിലേയും കിണറുകളിലേയും, മറ്റു ജലസ്രോതസ്സുകളിലേയും ജലത്തിന്റെ നിലവാരം അളന്ന് ഗുണമേന്മയുടെ നിലവാരം ബോധ്യപ്പെടുക. ജലസംരക്ഷണം, ജല മലിനീകരണം കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ ബോധ്യപ്പെടുക. | ഫീൽഡ് ട്രിപ്പ്, ഗവ. ലാബുകളുടെ സഹായം, സ്കൂൾ ലാബ് എന്നിവ ഉപയോഗപ്പെടുത്തി മലിനീകരണം കണ്ടെത്തുന്നു. | 2018 ജൂൺ - ജൂലൈ | HS | സയൻസ് ക്ലബ് കെമിസ്ട്രി അധ്യാപകർ | 2,000/- (പി.ടി.എ.) | |
| 2. | വ്യവസായശാലകൾക്ക് സമീപം താമസിക്കുന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾ ശാസ്ത്രീയ അപഗ്രഥനത്തിലൂടെ മനസ്സിലാക്കുക. രാസ അവശിഷ്ടങ്ങളെ നിർവീര്യമാക്കി പുറന്തള്ളേണ്ടതിന്റെ ആവശ്യകത ഗ്രഹിക്കുന്നു. | ഫീൽഡ് ഡാറ്റാ കളക്ഷൻ ഇന്റർവ്യൂ, (വിവിധ വ്യക്തികളുമായി) ജല, വായു, മണ്ണ് പരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | 2018 ആഗസ്റ്റ് - സെപ്റ്റംബർ (രണ്ടു മാസം) | HS | അനുയോജ്യരായ വിദ്യാർത്ഥികൾ, അധ്യാപകൻ, വിദഗ്ധർ, രക്ഷാകർതൃ പ്രതിനിധി | 3,000/- (പി.ടി.എ.) | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | സമീപ കൃഷിയിടങ്ങളിലെ പി.എച്ച്. മൂല്യം കണ്ടെത്തുക. പി.എച്ച്.ഉം കൃഷി ഫലവും തമ്മിലുള്ള ബന്ധം ബോധ്യപ്പെടുന്നു. | പരീക്ഷണം മണ്ണുപരിശോധന | 2018 ഒക്ടോബർ (1 മാസം) | HS | വിദ്യാർത്ഥികൾ നേരിട്ട് നിർവഹിക്കുന്നു. | 500/- (പി.ടി.എ.) | |
| 4. | രസതന്ത്രശാല - വിവിധ രാസപരീക്ഷണങ്ങൾ കാണുകയും ചെയ്യുകയും ചെയ്യുന്നതിലൂടെ രസതന്ത്രത്തോടുള്ള അഭിനിവേശം വളർത്തുക. അന്ധവിശ്വാസങ്ങളെ എതിർക്കുന്ന മനോഭാവം രൂപപ്പെടുത്തുക | വിസ്മയകരമായ രസതന്ത്രപരീക്ഷണങ്ങളുടെ ഒരു ശാല ഒരുക്കുന്നു. കുട്ടികൾ പങ്കാളികളാകുന്നു, കാഴ്ചക്കാരാകുന്നു. | 2 മാസം | HS | കെമിസ്ട്രി അധ്യാപകർ, തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ | 5,000/- (പി.ടി.എ.) | |

## വിഷയം : ഗണിതശാസ്ത്രം (UP) & (HS)

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും/ സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | കുട്ടികളിൽ ഗണിത ശാസ്ത്രത്തിലുള്ള അഭിരുചി വർദ്ധിപ്പിക്കുക. | ഓരോ ക്ലാസ്സ് മുറിയിലും ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുകയും കുട്ടികൾ തയ്യാറാക്കുന്ന മാഗസിനും ഉൾപ്പെടുത്തി ഒരു ലൈബ്രറി ഉണ്ടാക്കുന്നു. | June | V – VII<br>VIII – X | Teachers<br>" | Damian<br>Fredy S | |
| 2. | ജ്യാമിതീയ രൂപങ്ങൾ കണ്ട് അവയുടെ പ്രത്യേകതകൾ വലുപ്പം, ആകൃതി എന്നിവ മനസ്സിലാക്കുക, ചതുഷ്ക്രിയകൾ ഉറപ്പിക്കുക, പ്രൊജക്ടറിന്റെ | ഓരോ ക്ലാസ്സിലും ഓരു കോർണർലായി അതാത് ക്ലാസ്സിനാവശ്യമായ ജ്യാമിതീയ രൂപങ്ങൾ ഇൻസ്ട്രുമെന്റ് ബോക്സ്, പ്രൊജക്ടർ, നോട്ടീസ് ബോർഡ് എന്നിവ ഉണ്ടായിരിക്കണം. ജ്യാമിതീയ രൂപങ്ങൾ ഓരോ കുട്ടിയ്ക്കും കൈയ്യിലെടുത്ത് മന | July | V – VII<br>VIII – X | PTA Management<br>" | Antony. D<br>Rakesh. W | |

| | | | | | | | |
|---|---|---|---|---|---|---|---|
| | സഹായത്താൽ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുക. | സ്സിലാക്കാനുള്ള അവസരം ലഭിയ്ക്കുന്നു. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന കളികൾ നടത്തുന്നു. പ്രൊജക്ടറിന്റെ സഹായത്തോടെ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാനും അവയുടെ അളവുകൾ താരതമ്യം ചെയ്യാനും കഴിയുന്നു. | | | | | |
| 3. | ഗണിത ദിനാചരണത്തിലൂടെ കുട്ടികളിൽ ഗവേഷണാത്മകമായ കഴിവ് വർദ്ധിപ്പിക്കുക. | ഓരോ നോട്ടീസ് ബോർഡിലും അതാത് ദിവസത്തെ ഗണിതശാസ്ത്രജ്ഞന്മാരുടെ വിവരങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതി പ്രദർശിപ്പിക്കുന്നു. | June – February | V – VII | Students | Students | |
| 4. | മാത്സ് കിറ്റ് ഉപയോഗിക്കുന്നതുകൊണ്ട് കുട്ടക്ക് ഗണിത തത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്നു. | ഓരോ ക്ലാസ്സിനും ആവശ്യമായ ടീച്ചിംഗ് എയ്ഡ്സ് ഉൾപ്പെടുത്തി ഒരു കിറ്റ് കുട്ടികളുടെ സഹായത്തോടെ തയ്യാറാക്കുക. | June – July | V – VII | Teachers | Teachers | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | ഡമ്മി ഷോപ്പിലൂടെ കുട്ടികൾക്ക് മനഃകണക്ക് ഉപയോഗിച്ച് ചതുഷ്ക്രിയകൾ എളുപ്പത്തിൽ ചെയ്യാനുള്ള കഴിവ് ഉണ്ടാക്കുക. | ഒരു ഡമ്മി ഷോപ്പ് കുട്ടികളുടെയും അധ്യാപകരുടെയും സഹായത്തോടെ ഉണ്ടാക്കുന്നു. നിശ്ചിത സമയം കൊണ്ട് ആവശ്യപ്പെടുന്ന തുകയ്ക്ക് തുല്യമായ 5 സാധനങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു. വിജയിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | First Term (July – August) | V – VII<br>VIII – X | Teachers<br>" | Sheeja<br>HS Trs | |
| 6. | മാത്സ് ക്വിസ് നടത്തുന്നതിലൂടെ കുട്ടികൾക്ക് കൂടുതൽ അറിവുകൾ നേടാൻ കഴിയുന്നു. ഭാവിയിലെ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നു. | ഗണിതശാസ്ത്ര ദിനാചരണത്തിലൂടെ കുട്ടികൾക്ക് കിട്ടുന്ന അറിവിനെ അടിസ്ഥാനമാക്കി ഓരോ ടേമിലും ക്ലാസ്സ് തലത്തിൽ മാത്സ് ക്വിസ് നടത്തുന്നു. | Term wise | V – VII<br>VIII – X | Teachers<br>" | Damian<br>Joy P | |

| | | | | | | | |
|---|---|---|---|---|---|---|---|
| 7. | ക്ലാസ്സ് റൂം ഗണിതവത്കരിക്കുന്ന (ഐ. സി.ടി.) തിലൂടെ കുട്ടികളിൽ ഗണിത പഠനത്തിനുള്ള താത്പര്യം വർദ്ധിപ്പിക്കുന്നു. | യു.പി. സെക്ഷനിലെ ഒരു ക്ലാസ്സ് ഛായാചിത്രങ്ങൾ കൊണ്ട് ഗണിതവത്കരിക്കുക. സ്മാർട്ട് ക്ലാസ് റൂം ആക്കുക. | June | PTA<br>Management<br>Alumini<br>Association | 5 – 10 | Dinesh Nayakam | |
| 8. | ഗണിത പാർക്ക് നിർമ്മാണത്തിലൂടെ ഗണിത രൂപങ്ങൾ മനസ്സിലാക്കുന്നതിനോടൊപ്പം ഗണിത തത്വങ്ങളും മനസ്സിലാക്കുന്നു. | സ്കൂൾ കോമ്പൗണ്ടിലെ മരത്തണലിനു ചുറ്റും ജ്യാമിതീയ രൂപത്തിലുള്ള ഇരിപ്പിടങ്ങൾ നിർമ്മിക്കുക. (ചതുരം, സമചതുരം, വൃത്തം, ത്രികോണം തുടങ്ങിയവ) | June | PTA<br>Management | | ഗണിത് അധ്യാപകർ | |

# വിഷയം : ആരോഗ്യ-കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും/ സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | 'എല്ലാവർക്കും ആരോഗ്യം' ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | I.(a) മുഴുവൻകുട്ടികൾക്കും Sports activity -യിൽ പങ്കെടുക്കുവാൻ പറ്റുന്ന രീതിയിൽ നിലവിലുള്ള സൗകര്യങ്ങൾക്കു പുറമേ യോഗാ റൂം, ടേബിൾ ടെന്നീസ് റൂം, ഷട്ടിൽ കോർട്ട്, ക്രിക്കറ്റ് നെറ്റ്സ് എന്നിവ കൂടി തയ്യാറാക്കിയെടുക്കുക.<br>(b) മുഴുവൻ കുട്ടികളെയും കളിസ്ഥലത്ത് എത്തിക്കുന്നതിനായി Intra Mural തുടങ്ങി പലതരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ | June to December | 5 to 10 | P.T.A. Fund | കായകാദ്ധ്യാപകർ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | കുട്ടികളിലെ അമിതവണ്ണം (obesity) കുറയ്ക്കുക. | II.(a) അമിതവണ്ണം കാരണം sports activity ചെയ്യാൻ സാധിക്കാത്ത കുട്ടികൾക്ക് Aerobics, Yoga തുടങ്ങിയവ പഠിപ്പിക്കുക.<br>(b) സ്കൂൾ ആരംഭത്തിൽ തന്നെ BMI ടെസ്റ്റിലൂടെ അമിതവണ്ണമുള്ള കുട്ടികളെ കണ്ടെത്തുക.<br>(c) Exercise Daily Life ന്റെ ഭാഗമാക്കാനുള്ള സാഹചര്യം ഒരുക്കുക. | June to December | 5 to 10 | PTA Fund | കായികാദ്ധ്യാപകർ & സ്കൂൾ ഹെൽത്ത് നഴ്സ് | |
| 3. | സംസ്ഥാന നിലവാരമുള്ള ബാസ്ക്കറ്റ്ബോൾ, ഫുട്ബോൾ, ജിംനാസ്റ്റിക്സ്, നെറ്റ്ബോൾ, അത്‌ലറ്റിക്സ് ടീമുകളെ ദേശീയ നിലവാരത്തിലെത്തിക്കുക. | III (a) Sports Hostel സൗകര്യം വർദ്ധിപ്പിക്കുക.<br>(b) പരിശീലനത്തിന് കൂടുതൽ ഗ്രൗണ്ടുകൾ ലഭ്യമാക്കൽ.<br>(c) വിദഗ്ദ്ധ പരിശീലനത്തിന് മറ്റ് ഏജൻസികളുടെ (സ്പോർട്ട്സ് കൗൺസിൽ, ജില്ലാ അസോസിയേഷനുകൾ) സഹായം തേടൽ | Ist Term | 5 to 10 | PTA Fund and Sports Council | കായികാദ്ധ്യാപകർ & മാനേജ്മെന്റ് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | സബ് ജൂനിയർ ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ ടീമുകളെ സംസ്ഥാന നിലവാരത്തിലെത്തിക്കുക. | IV(a) 5, 6, 7 ക്ലാസ്സിലെ കുട്ടികളുടെ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുക.<br>(b) ഇതിൽ നിന്നും തിരഞ്ഞെടുക്കുന്ന കുട്ടികളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുള്ള പ്രാവീണ്യം ഉണ്ടാക്കിക്കൊടുക്കുക.<br>(c) വൈകുന്നേരങ്ങളിൽ കായിക പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾക്ക് Refreshment നൽകുക. | June to February | 5, 6, 7 Classes | PTA | കായികാദ്ധ്യാപകർ | |
| 5. | ടേബിൾ ടെന്നീസ് അക്കാഡമി ആരംഭിക്കുക. അതിലൂടെ ദേശീയ നിലവാരമുള്ള ടേബിൾ ടെന്നീസ് താരങ്ങളെ വാർത്തെടുക്കുക. | V(a) 5 മുതൽ 8 വരെ ക്ലാസ്സിലെ കുട്ടികൾക്ക് രാവിലെയും, വൈകുന്നേരവും പ്രാക്ടീസ് ആരംഭിക്കുക.<br>(b) ഒരു ടേബിൾ ടെന്നീസ് കോച്ചിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുക. | June to February | 5 to 8 | PTA | കായികാദ്ധ്യാപകർ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | കുട്ടികളിലെ മാനസിക സമ്മർദ്ദവും, പിരിമുറുക്കവും കുറയ്ക്കുക. | VI.(a) മുഴുവൻ കുട്ടികളെയും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.<br>(b) യോഗ, എയറോബിക്സ് എന്നിവ പരിശീലിപ്പിക്കുക. അതിന്റെ പ്രദർശനം നടത്തുക.<br>(c) വിദഗ്ദ്ധരായ യോഗാ ഗുരുക്കന്മാരെയും, മറ്റും കൊണ്ടു വന്ന് പരിശീലനം നൽകുക. അതിന്റെ മത്സരങ്ങൾ സംഘടിപ്പിക്കുക. | | | | | |

## വിഷയം : കലാ വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവും/ സമയക്രമവും | വിഭാഗം/ ക്ലാസ്സ് | സ്രോതസ്സ്/ സാമ്പത്തികം | ചുമതലകൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | കലാപരമായി സർഗ്ഗവാസനയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുകയും അവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുക. | സമയബന്ധിതമായി കുട്ടികൾക്ക് ക്ലാസ്സുകളിൽ നാലു മേഖലകളിലും അടിസ്ഥാനമായിവേണ്ട അറിവുകൾ ക്ലാസ്സുകൾ, (ദൃശ്യശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടെ) നൽകുന്നു.<br>വ്യക്തികളെ പരിചയപ്പെടുത്തുന്നു. കുട്ടികൾ വരയ്ക്കുന്ന ചിത്രങ്ങൾ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | I and II term | 5- 10 | PTA | കലാധ്യാപകരും ക്ലാസ്സ് ടീച്ചേഴ്സും | |
| 2. | സുകുമാരകലകളായ സംഗീതം, ചിത്രരചന, നൃത്തം, അഭിനയം എന്നീ വിഷയങ്ങളും പാഠ്യപദ്ധതി | പാഠ്യഭാഗങ്ങളെ ഉൾപ്പെടുത്തി ചിത്രം വരയ്ക്കുന്നതിനും അതിലൂടെ മറ്റു വിഷയങ്ങൾ കൂടുതൽ മനസ്സിലാക്കി പഠിക്കുന്നതിനും അവസരം നൽകുന്നു. | 1 year | 5 – 10 | PTA | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | യിൽ ഉൾപ്പെടുത്തുകയും പരീക്ഷയിലൂടെ ആ മേഖലകളിൽ പ്രാവീണ്യമുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നു. അറിയപ്പെടുന്ന ചിത്രകാരന്മാരുടെ ലഭ്യതയനുസരിച്ച് കുട്ടികളുമായി സംവദിക്കുവാനും ക്ലാസ്സെടുക്കുവാനും അവസരമൊരുക്കുന്നു. | II term | 5 – 10 | PTA | | |

## സവിശേഷ സഹായം ആവശ്യമുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുവേണ്ട പദ്ധതി ആസൂത്രണം/മേഖല/ഉപമേഖല അക്കാദമികം

**<u>മാതൃഭാഷ</u>**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭാഗം | വിലയിരുത്തൽ |
|---|---|---|---|---|---|
| മാതൃഭാഷ കൈകാര്യം ചെയ്യുന്നതിന്. എഴുത്ത് വായന ചിഹ്നങ്ങൾ മനസ്സിലാക്കൽ | 1) വായന<br>2) വാക്കുകൾ, ലഘു വാചകങ്ങൾ എന്നിവ തയ്യാറാക്കൽ<br>3) കുറിപ്പ് തയ്യാറാക്കൽ<br>4) ലഘു സംഭാഷണം ആശയവിനിമയം ചിഹ്നങ്ങൾ മനസ്സിലാക്കൽ<br>5) ഐ.ഇ.പി. പ്രവർത്തനങ്ങൾ<br>6) ചെറുകഥകൾ ചിത്രത്തിന്റെ സഹായത്തോടെ | 6 മാസം | റിസോഴ്സ് ടീച്ചർ<br>മലയാളം ടീച്ചർ<br>സഹപാഠികളുടെ സഹായം | ശ്രവണ വൈകല്യം മാനസിക വെല്ലുവിളികൾ നേരിടുന്നവർ 5 മുതൽ 12 വരെ | എച്ച്.എം. |

# മേഖല/ഉപമേഖല അക്കാദമികം കണക്ക്

## ലഘു ക്രിയകൾ ഗുണനം, ഹരണം, ഘടകക്രിയകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭാഗം | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ഗണിതത്തിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള താൽപര്യം ഉണ്ടാക്കൽ. നിത്യജീവിതവുമായി ബന്ധപ്പെട്ട (കാര്യങ്ങൾ) കണക്ക് മനസ്സലാക്കുന്നതിന് | 1. രൂപങ്ങൾ മനസ്സിലാക്കൽ<br>2. കോണുകൾ കണ്ടുപിടിക്കാനുള്ള പ്രവർത്തനങ്ങൾ<br>3. ഘടകക്രിയചെയ്യൽ<br>4. സൂത്രവാക്യങ്ങൾ മനസ്സിലാക്കൽ<br>5. ഐ.ഇ.പി. പ്രവർത്തനങ്ങൾ<br>6. ചിത്രങ്ങൾ വച്ചുള്ള സങ്കലനക്രിയകൾ, വ്യവകലന ക്രിയകൾ, ചിത്രങ്ങൾ, കാർഡുകൾ മുതലായവ ഉപയോഗിക്കുന്നു. ഗുണനക്രിയകൾ, ഹരണക്രിയകൾ എന്നിവയും ഇപ്രകാരം ചെയ്യിപ്പിക്കുന്നു. | 3മാസം | റിസോഴ്സ് ടീച്ചർ<br><br>ഗണിത അധ്യാപകൻ<br><br>സഹപാഠികളുടെ സഹായം | ശ്രവണ വൈകല്യം മാനസിക വെല്ലുവിളികൾ നേരിടുന്നവർ 5 മുതൽ 12 വരെ | P.T.A. യിൽ നിന്ന് | എച്ച്.എം. |

# തൊഴിൽ നേടാൻ വേണ്ട പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭാഗം | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| വൈകല്യത്തെ അധിജീവിച്ച് സ്വന്തമായി ജീവിക്കാനുള്ള മാർഗ്ഗം കണ്ടെത്തൽ (സ്വയംപര്യാപ്തത നേടൽ) | മുത്തുകൊണ്ട് വള, മാല നിർമ്മാണം<br>സാമ്പ്രാണി തിരി നിർമ്മാണം<br>സോപ്പ് നിർമ്മാണം<br>പൂത്തോട്ട നിർമ്മാണം | ശനിയാഴ്ച തോറും | റിസോഴ്സ് ടീച്ചർ | ശ്രവണ വൈകല്യം മാനസിക വെല്ലുവിളികൾ നേരിടുന്നവർ 5 മുതൽ 12 വരെ | P.T.A. യിൽ നിന്ന് | ഹെഡ്മാസ്റ്റർ |

# ഉടൻ ഏറ്റേടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷ ലാബ് ക്ലിനിക് രൂപീകരണം.
2. പ്ലാസ്റ്റിക് നിർമാജനത്തിനും Zero Waste പദ്ധതിയ്ക്കും പ്രാദേശിക സമിതി രൂപീകരണം. (വിദ്യാർത്ഥികൾ, വിവിധ സംഘടനകൾ, മാതാപിതാക്കൾ)
3. സോഷ്യൽ സയൻസ് ലാബ് നവീകരണം.
4. മാത്സ് ലാബ് രൂപീകരണം.
5. മഴക്കുഴികളെ സംബന്ധിച്ച് ബോധവത്കരണ ക്ലാസ് കുട്ടികൾക്ക് നല്കണം.
6. ക്ലാസ് മുറികളിൽ സയൻസ് ലാബ് കോർണറുകൾ ക്രമീകരിക്കേണ്ട പ്രവർത്തനം.
7. സ്കൂൾ ക്യാംപസ് ഗണിതവല്ക്കരണം.
8. മൾട്ടിമീഡിയ സംവിധാനത്തോടു കൂടിയുള്ള ഹൈടെക് സെമിനാർ ഹാൾ രൂപീകരണം.
9. യോഗ, ഏയ്റോബിക്സ്, ടെബിൾ ടെന്നീസ് എന്നിവയ്ക്കായി പ്രത്യേക ഹാൾ സജ്ജമാക്കേണ്ടതുണ്ട്.

## ഉപസംഹാരം

മൂല്യച്യുതിയാലും ടെക്നോളജിയുടെ തള്ളിക്കയറ്റത്താലും അനുദിനം അനേകം വെല്ലുവിളികൾ നേരിടുന്ന ആധുനിക സമൂഹത്തിന്റെ മുന്നിൽ ഒരു കലാലയ അന്തരീക്ഷം ഏറ്റെടുത്ത് മുന്നോട്ട് പോകേണ്ട ദൗത്യങ്ങൾ അനേകമാണ്. ജാഗ്രതയോടെ, ഉൾക്കാഴ്ച യോടെ, ദിശാബോധത്തോടെ ആ യാത്ര തുടരണം. പൊതു വിദ്യാഭ്യാസ രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന ഉണർവിന് പുത്തൻ ജീവൻ പകരണം. എന്റെ വളർച്ച പൂർണമാകുന്നത് നമ്മുടെ വളർച്ചയിലാണെന്ന സാമൂഹിക പ്രതിബദ്ധത ഇളം കുരുന്നുകളുടെ കാതുകളിൽ മാത്രമായ് മുഴക്കണം. ആ മന്ത്രധ്വനികളിൽ നാട് ഒന്നടങ്കം വളരണം. ലോക സമൂഹത്തിന്റെ മുന്നിൽ ഈ കൊച്ചു കേരളം മാതൃകയാകണം. അതിലേക്ക് ഒരു ചുവട് ....... ഒരു ഉദ്യമം...... അതായിത്തീരട്ടെ സെന്റ് ജോസഫ് സ്കൂളിന്റെ തുടിപ്പുകൾ

ജയ്ഹിന്ദ്